# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഇത്തിക്കര ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-KLM.P5/ 554/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 13/04/2023
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഇത്തിക്കര ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : ഇത്തിക്കര ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇത്തിക്കര ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1)അസി.ഡവലപ്പ്മെന്റ് കമ്മീഷണർ
2)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
3)കാര്യാലയ പകർപ്പ്

നമ്പർ: KSA-KLM.P5/ 554/23 തീയ്യതി: 13/04/2023

## കൊല്ലം ജില്ലയിലെ ഇത്തിക്കര ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ ഇത്തിക്കര ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-02-2022 മുതൽ 28-02-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. മാത്യൂ റോയി കെ.പി. | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 13-03-2023 | 16-03-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 13-03-2023 | 16-03-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. നവീൻ ചന്ദ്രൻ (ഓഡിറ്റ് ഓഫീസർ)
ശ്രീമതി പത്മകുമാരി എൽ. (അസി.ഓഡിറ്റ് ഓഫീസർ)
ശ്രീ. രാകേഷ് എം. (സീനിയർ ഗ്രേഡ് ഓഡിറ്റർ)
ശ്രീമതി രാജശ്രീ സി. ആർ (ഓഡിറ്റർ)

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. എൻ. സദാനന്ദൻ പിള്ള | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി ഷൈനി ജി. | സെക്രട്ടറി | 01-04-2021 | 11-05-2021 |
| ശ്രീമതി അരുണ ആർ. വി. | സെക്രട്ടറി | 12-05-2021 | 16-05-2021 |
| ശ്രീ. ശംഭു എസ്. | സെക്രട്ടറി | 17-05-2021 | 31-03-2022 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ജ്യോതി വിദ്യാധരൻ | അസി. എക്സി. എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീമതി ജെസ്ന ഫാത്തിമ | അസി. എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീമതി സന്ധ്യ ടി.എം. | പട്ടികജാതി വികസന ഓഫീസർ | 01-04-2021 | 06-07-2021 |
| ശ്രീ. ഷാജി ഡി. | പട്ടികജാതി വികസന ഓഫീസർ | 07-07-2021 | 31-03-2022 |
| ഡോ. ബിൻസി ബി.എസ്. | മെഡിക്കൽ ഓഫീസർ സി.എച്ച്.സി. | 01-04-2021 | 31-03-2022 |
| ശ്രീ. ഷിബു കുമാർ വി.എൻ. | അസി.ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ | 01-04-2021 | 31-03-2022 |
| ശ്രീമതി രഞ്ജിനി എൽ. | സി.ഡി.പി.ഒ. | 01-04-2021 | 31-03-2022 |
| ഡോ. അനുപമ ആർ. | വെറ്റിനറി സർജൻ | 01-04-2021 | 22-11-2021 |
| ഡോ. അനീസ് ബഷീർ | വെറ്റിനറി സർജൻ | 23-11-2021 | 09-12-2021 |
| ഡോ. ബിനി രാജ് | വെറ്റിനറി സർജൻ | 10-12-2021 | 31-03-2022 |
| ശ്രീ. നജീം എസ്. | ഇൻഡസ്ട്രിയൽ എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി പ്രിൻസി ജോൺ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 15-10-2021 |
| ശ്രീമതി വിമല കുമാരി അമ്മ | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 16-10-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷികധനകാര്യപത്രിക പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | ക്യാഷ് പരിശോധന | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 12 | പ്രോജക്ട് പ്രകാരം ചെലവഴിച്ച തുകയുടെ മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കിയില്ല. | 1-12 |
| 13 | ക്ഷീര കർഷകർക്ക് പാലിന് ഇൻസെൻറീവ് മാർഗ്ഗ രേഖ പ്രകാരം അനുവദനീയമായതിലും അധികം തുക അനുവദിച്ചു. | 1-13 |
| 14 | ചെലവ് രേഖകൾ പൂർണ്ണമായും ഹാജരാക്കിയില്ല. | 1-14 |
| 15 | പദ്ധതി മാർഗ്ഗരേഖ പ്രകാരം അർഹരല്ലാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം അനുവദിച്ചു. | 1-15 |
| 16 | ഐ.എ.വൈ പദ്ധതിയ്ക്കായി 2012-2013 ൽ എടുത്ത ലോൺ -തിരിച്ചടവ് മുടങ്ങിയതിനാൽ 1.16 കോടി രൂപയുടെ അധിക ബാദ്ധ്യത | 1-16 |
| 17 | വാടക – ഡെപ്പോസിറ്റ് അടവാക്കുന്നില്ല. | 1-17 |
| 18 | ആസ്തി രജിസ്റ്റർ - സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് പരിപാലിയ്ക്കുന്നില്ല | 1-18 |
| 19 | പാനൽ എൻജിനീയർമാർ മുഖേന നടത്തുന്ന ഇലക്ട്രിക്കൽ പ്രവൃത്തികൾ-സർക്കാർ നിർദ്ദേശങ്ങൾ പാലിയ്ക്കുന്നില്ല | 1-19 |
| 20 | കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത്-നിർമ്മാണ പ്രവൃത്തിയ്ക്ക് വിഹിതം നൽകി-ബാലൻസ് തുക ലഭിച്ചില്ല | 1-20 |
| 21 | തുമ്പൂർമൂഴി മോഡൽ കമ്പോസ്റ്റിംഗ് സംവിധാനം ഏർപ്പെടുത്തൽ-പ്രവർത്തനം ആരംഭിച്ചില്ല | 1-21 |
| 22 | ബ്ലോക്ക്പഞ്ചായത്തിന് അനുവദനീയമല്ലാത്ത പദ്ധതി നടപ്പിലാക്കി | 1-22 |
| 23 | അംഗനവാടികൾക്ക് വാട്ടർ പ്യൂരിഫയർ വാങ്ങി നല്കൽ | 1-23 |

| | | |
|---|---|---|
| 24 | മദ്യം, മയക്കുമരുന്ന് എന്നിവക്കെതിരെ ഡോക്യുമെന്ററി നിർമ്മാണം ബോധവൽക്കരണം - രേഖകൾ ഹാജരാക്കിയില്ല. | 1-24 |
| 25 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. | 1-25 |
| 26 | വിജയോത്സവം - ചെലവുതുക ഹാജരാക്കിയില്ല. | 1-26 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | ബ്ലോക്ക്പഞ്ചായത്തിന് അനുവദനീയമല്ലാത്ത പദ്ധതി നടപ്പിലാക്കി | 3-1 |
| 2 | അംഗനവാടികൾക്ക് വാട്ടർ പ്യൂരിഫയർ വാങ്ങി നല്കൽ | 3-2 |
| 3 | പദ്ധതി മാർഗ്ഗരേഖ പ്രകാരം അർഹരല്ലാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം അനുവദിച്ചു. | 3-3 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധ പത്രികകൾ | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

19.02.2021 തീയതിയിലെ I(1) തീരുമാനപ്രകാരം അംഗീകരിച്ചു.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.22 | 25.06.22 | - | - |

### 1-2-1 വാർഷികധനകാര്യപത്രിക പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ

1. അസി. എഞ്ചിനീയർ ലഭ്യമാക്കിയ രേഖകൾ പ്രകാരം 2021-22 സാമ്പത്തിക വർഷത്തിൽ 34,14,524/- രൂപയുടെ പാർട്ട് ബില്ലുകൾ മാറിയിട്ടുണ്ട്. B-11(a) ഷെഡ്യൂളിൽ Capital Work In Progress ഇനത്തിൽ വാർഷിക കണക്കിൽ കാണിച്ചിട്ടുള്ളത് 47,10,829/- രൂപയാണ്.
2. Sale Of Timber ഇനത്തിൽ വരവ് വന്ന തുക രജിസ്റ്റർ പ്രകാരം 3,48,397/- രൂപയാണ്. എന്നാൽ വാർഷിക കണക്കിൽ വരവ് തുക 2,45,047/- രൂപയാണ്.
3. വിവിധ ഫണ്ടിനങ്ങളുടെ ACR പ്രകാരമുള്ള ചെലവുതുക AFS, സുലേഖാ സ്റ്റേറ്റുമെന്റ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ടിനം | ACR പ്രകാരം | AFS പ്രകാരം | സുലേഖാ സ്റ്റേറ്റ്മെന്റ് പ്രകാരം |
|---|---|---|---|
| വികസനഫണ്ട്-ജനറൽ | 1,98,16,051 | 1,96,80,899 | 1,96,80,899 |
| വികസനഫണ്ട്-SCP | 2,08,93,680 | 1,91,22,000 | 1,91,22,000 |
| മെയിന്റനൻസ് ഫണ്ട്-റോഡിതരം | 66,47,862 | 64,47,881 | 64,47,881 |

4. ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഷെഡ്യൂൾ B-7 ന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.
5. ഭൂജല വകുപ്പിൽ തൻ വർഷം ഡെപ്പോസിറ്റ് ചെയ്ത 14,78,185/- രൂപയും പി.ഡബ്ല്യൂ.ഡി. ഇലക്ട്രിക്കൽ ഡിവിഷനിൽ ഡെപ്പോസിറ്റ് ചെയ്ത 2,36,280/- രൂപയും വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല.
6. ഗ്രാമപഞ്ചായത്തുകളിൽ നിന്നും ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച വിഹിതം സുലേഖ സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല.
7. Audit Recovery ഇനത്തിൽ വരവ് വന്ന തുക 10,527/- രൂപ 140900203, Remission And Refund Other Charges- ൽ തെറ്റായി ഉൾപ്പെടുത്തി.
8. MGNREGS, മുന്നിരിപ്പ്, വരവ് തുകകൾ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,95,68,707/- രൂപ |
| വരവ് | 7,95,06,165/- രൂപ |
| ആകെ | 9,90,74,872/- രൂപ |
| ചെലവ് | 7,66,15,512/- രൂപ |
| നീക്കിയിരുപ്പ് | 2,24,59,360/- രൂപ |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 24,40,497/- രൂപ |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 71,51,728/- രൂപ |

### 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് (രൂപ) | ആകെ (രൂപ) | ചെലവ് (രൂപ) | നീക്കിയിരിപ്പ്/ ലാപ്പ്സായ തുക (രൂപ) |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | - | 2,01,35,787/- | 2,01,35,787/- | 1,96,80,899/- | 4,54,888,/- |
| വികസന ഫണ്ട്-എസ്.സി.പി | - | 2,17,70,692/- | 2,17,70,692/- | 1,91,22,000/- | 26,48,692/- |
| മെയിന്റനൻസ് ഫണ്ട്, നോൺ-റോഡ് | - | 71,97,272/- | 71,97,272/- | 64,47,881/- | 7,49,391/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-Tied Treasury | - | 58,19,456/- | 58,19,456/- | 14,49,028/- | 43,70,428/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-Untied Treasury | - | 3,44,263/- | 3,44,263/- | 3,33,668/- | 10,595/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-Tied Bank- PFMS | | 55,77,000/- | 55,77,000/- | 35,54,108/- | 20,22,892/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-UnTied Bank- PFMS | | 37,18,000/- | 37,18,000/- | 36,77,960/- | 40,040/- |
| കേന്ദ്രാവിഷ്കൃതഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | |
| എം.ജി.എൻ.ആർ. ഇ.ജി.എസ്. | 1,66,269/- | 6,34,496/- | 8,00,765/- | 7,56,560/- | 44,205/- |
| TSC | 28,91,115/- | 84,758/- | 29,75,873/- | 18/- | 29,75,855/- |
| ഐ.എ.വൈ | 1,17,79,342/- | 6,64,724/- | 1,24,44,066/- | 52,500/- | 1,23,91,566/- |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (രൂപ) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ്(രൂപ) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 95 | 10,74,38,514/- | 86 | 5,86,07,145/- | - | 9 | 90.5% |

## 1-6 തൊഴിലുറപ്പ് പദ്ധതി

ഇല്ല

## 1-7 ക്ഷേമ പദ്ധതികൾ

ഇല്ല

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.03.2023 ന് സ്ഥാപനതലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് കാണപ്പെട്ടില്ല.

## 1-9 ആഭ്യന്തര നിയന്ത്രണം

ബ്ലോക്ക് പഞ്ചായത്ത് ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലി വിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. വരവുകൾ സാംഖ്യ രസീതി നൽകി സ്വീകരിക്കുന്നു. സ്വീകരിക്കുന്ന തുകകൾ ശരിയായി അക്കൌണ്ട് ചെയ്യുന്നുണ്ട്. പെയ്മെന്റ് ഓർഡറുകൾ യഥാസമയം ചെയ്ത് ചെലവ് ആധികാരികമാക്കുകയും സാംഖ്യ വൗച്ചറുകൾ നമ്പർ ക്രമത്തിൽ സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്. കണക്കുകൾ ബന്ധപ്പെട്ട ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി പരിശോധിച്ച് അംഗീകരിക്കുന്നു.

ആസ്തി രജിസ്റ്ററിൽ എൻജിനീയറിംഗ് വിഭാഗം പ്രവൃത്തികളുടേയും, പർച്ചേസുമായി ബന്ധപ്പെട്ട വിശദാംശങ്ങളും ചേർത്ത് രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
ഇത്തിക്കര ബ്ലോക്ക് സി.ഡി.പി.ഒ കാര്യാലയത്തിലെ മീറ്റിംഗ് ഹാൾ എക്സ്റ്റൻഷൻ പ്രവൃത്തി പൂർത്തിയാക്കിയത് ഓഡിറ്റ് വർഷത്തിൽ ആണെങ്കിലും ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ നടപ്പിലാക്കാത്തതിനാൽ മീറ്റിംഗ് ഹാൾ ഉപയോഗിക്കുന്നതിന് സാധിച്ചിട്ടില്ല. അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹിച്ച റോഡ് നിർമ്മാണ പ്രവൃത്തികളിൽ റോഡിന്റെ Width സർട്ടിഫിക്കറ്റ്, ആസ്തി രജിസ്റ്ററിന്റെ പകർപ്പ് എന്നിവ ഫയലുകളിൽ സൂക്ഷിച്ചിട്ടില്ല. പ്രവൃത്തികൾക്ക് മേൽനോട്ടം വഹിച്ച ഓവർസീയർമാരുടെ സൂപ്പർവൈസറി സർട്ടിഫിക്കറ്റ് ഇല്ല.

ഓഡിറ്റ് റിപ്പോർട്ടിലെ പ്രധാന നിരീക്ഷണങ്ങൾ ചുവടെ രേഖപ്പെടുത്തുന്നു.
1. പദ്ധതി മാർഗ്ഗരേഖ പ്രകാരം അർഹരല്ലാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം അനുവദിച്ചു. ( ഖണ്ഡിക 1-15 കാണുക )
2. ഐ.എ.വൈ പദ്ധതിയ്ക്കായി 2012-2013 ൽ എടുത്ത ലോൺ – തിരിച്ചടവ് മുടങ്ങിയതിനാൽ 1.16 കോടി രൂപയുടെ അധിക ബാദ്ധ്യത (ഖണ്ഡിക 1-16 കാണുക)
3. തുമ്പൂർമൂഴി മോഡൽ കമ്പോസ്റ്റിംഗ് സംവിധാനം ഏർപ്പെടുത്തൽ - പ്രവർത്തനം ആരംഭിച്ചില്ല (ഖണ്ഡിക 1-21 കാണുക)
4. ബ്ലോക്ക്പഞ്ചായത്തിന് അനുവദനീയമല്ലാത്ത പദ്ധതി നടപ്പിലാക്കി (ഖണ്ഡിക 1-22 കാണുക)
5. അംഗനവാടികൾക്ക് വാട്ടർ പ്യൂരിഫയർ വാങ്ങി നൽകൽ (ഖണ്ഡിക 1-23 കാണുക)
6. മദ്യം മയക്കുമരുന്ന് എന്നിവക്കെതിരെ ഡോക്യുമെൻററി നിർമ്മാണം ബോധവൽക്കരണം -രേഖകൾ ഹാജരാക്കിയില്ല.(ഖണ്ഡിക 1-24 കാണുക)

പദ്ധതി നടത്തിപ്പിൽ വർക്കിംഗ് കമ്മിറ്റികൾ മോണിറ്ററിംഗ് നടത്തുന്നില്ല.
തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വർക്കിംഗ് ഗ്രൂപ്പുകളുടെ സഹായത്തോടെ ആവിഷ്കരിച്ച്, ആസൂത്രണസമിതിയുടെ അംഗീകാരം നേടി ഏറ്റെടുക്കുന്ന പദ്ധതികൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കൈമാറികിട്ടിയ വിവിധ സ്ഥാപനങ്ങളുടെ ഉദ്യോഗസ്ഥർ മുഖേനയാണ് നിർവ്വഹണം നടത്തുന്നത്. മേഖലാടിസ്ഥാനത്തിൽ അതാത് മേഖലയിലെ വർക്കിംഗ് ഗ്രൂപ്പാണ് പദ്ധതി നിർവ്വഹണഘട്ടത്തിലെ മോണിറ്ററിംഗ് നടത്തേണ്ടത്. എന്നാൽ ഓഡിറ്റിന് ഹാജരാക്കിയ പദ്ധതികളിലൊന്നും വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് നടത്തിയിട്ടില്ല.

ധനമിടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനും ബ്ലോക്ക് പഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും വേണ്ട രീതിയിൽ പര്യാപ്തമാക്കുന്നതിനുമായി ബ്ലോക്ക്പഞ്ചായത്ത് ശ്രദ്ധ ചെലുത്തിയിട്ടുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15-11-2022 | 2021-22 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 15.03.2022 | 2019-20 മുതൽ 2020-21 വരെ | 23.05.2022 |

1-12 പ്രോജക്ട് പ്രകാരം ചെലവഴിച്ച തുകയുടെ മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കിയില്ല.

പ്രോജക്ട് നം.38/22

രണ്ടാം ഘട്ട സാന്ത്വന പരിചരണം

ഈ പ്രോജക്ട് പ്രകാരം കലശ്ശോട് സി.എച്ച്.സി.യിലേക്ക് മരുന്നുകൾ,ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിന് കേരള മെഡിക്കൽ സർവീസസ് കോർപറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിന് ചുവടെ ചേർത്തിരിക്കുന്നവിധം തുകകൾ കൈമാറിയിട്ടുണ്ട്. എന്നാൽ ഈ തുകകൾക്ക് പൂർണ്ണമായും മരുന്നുകൾ/ ഉപകരണങ്ങൾ ലഭ്യമായിട്ടില്ല.

| അനുവദിച്ച തുക | തീയതി | ലഭിക്കാൻ അവശേഷിക്കുന്ന മരുന്നുകളുടെ വിവരം |
|---|---|---|
| 500000 | 11.06.2021 | 1,88,273/- |
| 188629 | 01.10.2021 | 3,811/- |

ലഭ്യമാക്കാൻ അവശേഷിക്കുന്ന മരുന്നുകളുടെ വിവരം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. മരുന്ന് പൂർണ്ണമായും ലഭിക്കാത്ത സാഹചര്യത്തിൽ 1,92,084/- രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു. പ്രോജക്ട് പ്രകാരം ചെലവഴിച്ച തുകയ്ക്ക് പൂർണ്ണമായും മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് ഓഡിറ്റിനെ അറിയിച്ച് തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി - 8/16.03.2023

ഓഡിറ്റ് തടസ്സം - 1,92,084/- രൂപ

1-13 ക്ഷീര കർഷകർക്ക് പാലിന് ഇൻസെൻ്റീവ് മാർഗ്ഗ രേഖ പ്രകാരം അനുവദനീയമായതിലും അധികം തുക അനുവദിച്ചു.

പ്രോജക്ട് നം. 12/22 – ക്ഷീര കർഷകർക്ക് പാലിന് ഇൻസന്റീവ്
നിർവഹണ ഉദ്യോഗസ്ഥ - ഡയറി എക്സ്റ്റൻഷൻ ഓഫീസർ

2021-22 സാമ്പത്തിക വർഷം കൃഷി അസിസ്റ്റന്റ് ഡയറക്ടർ നടപ്പാക്കിയ ക്ഷീര കഷകർക്ക് പാലിന് ഇൻസെന്റീവ് എന്ന പദ്ധതിയിൽ ഗുണഭോക്താക്കൾ ആയ കർഷകർക്ക് ക്ഷീര സഹകരണ സംഘങ്ങളിൽ അളക്കുന്ന ഓരോ ലിറ്റർ പാലിനും 4 രൂപ നിരക്കിൽ ( തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നിന്നും 3 രൂപയും ക്ഷീര വികസന വകുപ്പിൽ നിന്നും 1 രൂപയും ഉൾപ്പടെ) പരമാവധി ഒരു സാമ്പത്തിക വർഷം 40,000/- രൂപ അനുവദിക്കാം. എന്നാൽ പദ്ധതിയുടെ പരിശോധനയിൽ ചിറക്കര ഇടവട്ടം എന്ന ക്ഷീര സഹകരണ സംഘം സമർപ്പിച്ച ലിസ്റ്റിൽ ഉൾപ്പെട്ട ശ്രീമതി. രാധാമണി അമ്മ. എൽ. എന്ന ക്ഷീരകർഷകയ്ക്ക് 2021 ജൂലൈ മാസം പാലിന് ഇൻസെന്റീവ് ഇനത്തിൽ അനുവദനീയമായതിലും അധികമായി തുക അനുവദിച്ചു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

2021 ജൂലൈ മാസം ആകെ അളന്ന പാലിന്റെ അളവ് - 294.8 ലിറ്റർ
ആകെ അനുവദിക്കാവുന്ന തുക - 884/- രൂപ ( 294.8X3)
ആകെ അനുവദിച്ച തുക - 1,681/- രൂപ (ബിൽ നം. 174/31.01.22)
അധികമായി അനുവദിച്ച തുക - 797/- രൂപ

മേൽ പരാമർശം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. അധികമായി അനുവദിച്ച തുക തിരികെ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി – 7/10.03.2023
നിരാകരിച്ച തുക – 797/- രൂപ

## 1-14 ചെലവ് രേഖകൾ പൂർണ്ണമായും ഹാജരാക്കിയില്ല.

പ്രോജക്ട് നം. 01/22 – നെൽകൃഷിക്ക് കൂലി ചെലവ് സബ്സിഡി
നിർവ്വഹണ ഉദ്യോഗസ്ഥൻ - കൃഷി അസിസ്റ്റന്റ് ഡയറക്ടർ
2021-22 സാമ്പത്തിക വർഷം നടപ്പാക്കിയ നെൽകൃഷിക്ക് കൂലി ചെലവ് സബ്സിഡി എന്ന പദ്ധതിയുടെ താഴെപ്പറയുന്ന തുകകളുടെ ചെലവ് രേഖകൾ, ട്രഷറി ബിൽബുക്ക് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

| എ.സി.ആർ. പ്രകാരം പിൻവലിച്ച തുക (രൂപ) | തീയതി |
|---|---|
| 1,57,250/- | 04.02.2022 |
| 69,250/- | 21.03.2022 |

മേൽ പരാമർശിച്ച ചെലവ് രേഖകൾ ഹാജരാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ഓഡിറ്റിന് ഹാജരാക്കാത്ത ചെലവ് തുകയായ 2,26,500/- രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. പ്രോജക്ട് പ്രകാരം ചെലവഴിച്ച തുകയുടെ ചെലവ് രേഖകൾ പൂർണ്ണമായും ഓഡിറ്റിന് ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് തടസ്സം - 2,26,500/- രൂപ
ഓഡിറ്റ് എൻക്വയറി – 10/28.02.23

## 1-15 പദ്ധതി മാർഗ്ഗരേഖ പ്രകാരം അർഹരല്ലാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം അനുവദിച്ചു.

പ്രോജക്ട് നം. 58/22, പ്രോജക്ട് നം. 122/22
എസ്.സി. വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ്
നിർവ്വഹണ ഉദ്യോഗസ്ഥൻ - പട്ടികജാതി വികസന ഓഫീസർ

എസ്.സി. വിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് നൽകുന്നതിനായി പട്ടികജാതി വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതിയായിരുന്ന പ്രോജക്ട് നം. 58/22, പ്രോജക്ട് നം.122/22 എന്നിവ. എന്നാൽ 14.02.2018 തീയതിയിലെ സ.ഉ.(കൈ)നം.22/2018/ത.സ്വ.ഭ.വ. പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 7.2.5 പ്രകാരം മെറിറ്റോറിയസ് സ്കോളർഷിപ്പിന് അർഹരായ വിദ്യാർത്ഥികളുടെ വിഭാഗത്തിൽ പ്ലസ് ടു, വി.എച്ച്.എസ്.ഇ. വിദ്യാർത്ഥികൾ ഉൾപ്പെട്ടിട്ടില്ലായെങ്കിലും മേൽപ്പരാമർശിക്കപ്പെട്ട പ്രോജക്ട് നം. 58/22 പ്രകാരം പ്ലസ് ടു, വി.എച്ച്.എസ്.ഇ. കോഴ്സിൽ പഠിക്കുന്ന 132 വിദ്യാർത്ഥികൾക്ക് 15,000/- രൂപ വീതം ആകെ 19,80,000/- രൂപയും പ്രോജക്ട് നം. 122/22 പ്രകാരം 13 പ്ലസ് ടു വിദ്യാർത്ഥികൾക്ക് 15000/- രൂപ വീതം 1,95,000/- രൂപയും ഉൾപ്പെടെ ആകെ 21,75,000/- രൂപ അനുവദിച്ചു. സബ്സിഡി മാർഗ്ഗരേഖയിൽ ഉൾപ്പെടാത്ത ഗുണഭോക്താക്കൽക്ക് തുക അനുവദിച്ചത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. പദ്ധതി മാർഗ്ഗരേഖ മറികടന്ന് ചെലവഴിച്ച 21,75,000/- രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല.

ഓഡിറ്റ് എൻക്വയറി നം. 9/16.03.23
ഓഡിറ്റ് നിരാകരണം- 21,75,000/- രൂപ

## 1-16 ഐ.എ.വൈ പദ്ധതിയ്ക്കായി 2012-2013 ൽ എടുത്ത ലോൺ -തിരിച്ചടവ് മുടങ്ങിയതിനാൽ 1.16 കോടി രൂപയുടെ അധിക ബാദ്ധ്യത

ഇത്തിക്കര ബ്ലോക്ക് പഞ്ചായത്തിലെ 5 ഗ്രാമപഞ്ചായത്തുകളിലെ ഗുണഭോക്താക്കൾക്കായി 2012-13 സാമ്പത്തിക വർഷം നെടുങ്ങോലം സർവ്വീസ് സഹകരണ ബാങ്ക്, ആദിച്ചനല്ലൂർ ഫാർമേഴ്സ് കോ-ഓപ്പറേറ്റീവ് ബാങ്ക്, പൂതക്കുളം സർവ്വീസ് കോ- ഓപ്പറേറ്റീവ് ബാങ്ക്, നടയ്ക്കൽ സർവ്വീസ് സഹകരണ ബാങ്ക് എന്നിവിടങ്ങളിൽ നിന്നും 1,36,16,454/- രൂപ ലോൺ ഇനത്തിൽ എടുത്തിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമനം. | ബാങ്കിന്റെ പേര് | തുക (രൂപ) |
|---|---|---|
| 1 | നെടുങ്ങോലം സർവ്വീസ് സഹകരണ ബാങ്ക് | 23,79,988/- |
| 2 | ആദിച്ചനല്ലൂർ ഫാർമേഴ്സ് കോ- ഓപ്പറേറ്റീവ് ബാങ്ക് | 24,43,176/- |
| 3 | പൂതക്കുളം സർവ്വീസ് കോ- ഓപ്പറേറ്റീവ് ബാങ്ക് | 28,66,502/- |
| 4 | നടയ്ക്കൽ സർവ്വീസ് സഹകരണ ബാങ്ക് | 59,26,788/- |
| | ആകെ | 1,36,16,454/- |

നെടുങ്ങോലം സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിലെയും ആദിച്ചനല്ലൂർ ഫാർമേഴ്സ് കോ- ഓപ്പറേറ്റീവ് ബാങ്കിലെയും പൂതക്കുളം സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിലെയും ലോണുകൾ അടച്ചു തീർത്തിട്ടുണ്ട്. നടയ്ക്കൽ സർവ്വീസ് കോ- ഓപ്പറേറ്റീവ് ബാങ്കിൽ നിലവിൽ മുതൽ ഇനത്തിൽ 52,80,258/- രൂപയും പലിശ ഇനത്തിൽ 28.02.2023 വരെ 62,76,475/- രൂപയും അടവാക്കാനവശേഷിക്കുന്നു.

2012-13 സാമ്പത്തിക വർഷം ഐ.എ.വൈ. പദ്ധതിയ്ക്കായി പുതുക്കിയ നിരക്കിൽ സംസ്ഥാന സർക്കാർ അധിക ധനസഹായം ലഭ്യമാക്കുന്നതിനായി 14.03.2014 ലെ ജി.ഒ.(എം.എസ്.)90/ 13/ ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം സഹകരണബാങ്കുകളിൽ നിന്നും വായപ എടുക്കുന്നതിന് അനുമതി നൽകിയിരുന്നു. ടി വായ്പ 31.05.2013 ന് മുൻപായി എടുക്കണമെന്നും അതിനുശേഷം വായ്പ എടുക്കാൻ പാടുള്ളതല്ല എന്നും 06.05.2013 ലെ സ.ഉ.(കൈ.)നം./167/13 / ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇത്തിക്കര ബ്ലോക്ക് പഞ്ചായത്ത് സഹകരണബാങ്കുകളിൽ നിന്നും വായ്പയെടുത്തിട്ടുള്ളത് 31.05.2013 ന് ശേഷമാണ്. ആയതിന്മേൽ സർക്കാർ അനുമതി നാളിതുവരെയും ലഭ്യമായിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് 2012-13 & 2013-14 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്, ഖ.3-6 ൽ പരാമർശിച്ചിട്ടുണ്ട്. നടയ്ക്കൽ സർവ്വീസ് കോ- ഓപ്പറേറ്റീവ് ബാങ്കുമായി 24.07.2013 ന് ഏർപ്പെട്ട കരാർ പ്രകാരം മുതലും 11.25%

പലിശ സർക്കാരും അവശേഷിക്കുന്ന 0.75% പലിശ ഇത്തിക്കര ബ്ലോക്ക് പഞ്ചായത്തുമായിരുന്നു അടവാക്കേണ്ടിയിരുന്നത്. മേൽ സൂചിത ഉത്തരവ് ഖണ്ഡിക 10 പ്രകാരം മുതലും 10.75% പലിശയും സർക്കാർ വഹിക്കുമെന്നാണ് അറിയിച്ചിരുന്നത്.

2015-16, 2016-17, 2017-18 വർഷങ്ങളിൽ ആകെ മുതൽ ഇനത്തിൽ 6,46,530/- രൂപയും പലിശയിനത്തിൽ 1,33,028/- രൂപയും ഒടുക്കുവരുത്തിയിട്ടുണ്ട്. തുടർവർഷങ്ങളിൽ അവശേഷിക്കുന്ന തുക തിരിച്ചടക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിലെ ഗുരുതരമായ കൃത്യവിലോപം ഉത്തരവാദിയായ ഉദ്യോഗസ്ഥർ കാണിച്ചതിനാൽ 28.02.23 വരെ മുതലും പലിശയും കൂടി 1,15,56,733/-രൂപ അടവാക്കാനവശേഷിക്കുന്നു. അതായത് വായ്പയെടുത്ത തുകയുടെ രണ്ടിരട്ടി തുകയോടടുത്ത തുക ബാങ്കിന് നൽകേണ്ടി വരുന്നു.

പലിശയിനത്തിലുള്ള തുക ഒഴിവാക്കിത്തരുന്നതിനുള്ള നടപടി സ്വീകരിയ്ക്കണമെന്നാവശ്യപ്പെട്ട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി സി.-2276/18 നമ്പർ കത്ത് 28.06.2022 ലും 20.02.2023 ലും നടയ്ക്കൽ സർവ്വീസ് കോ- ഓപറേറ്റീവ് ബാങ്ക് സെക്രട്ടറിയ്ക്ക് നൽകിയിരുന്നു. കൂടാതെ പലിശ ഒഴിവാക്കുന്നതിന് ബഹു സഹകരണ രജിസ്ട്രേഷൻ വകുപ്പ് മന്ത്രിയ്ക്കും കത്ത് നൽകിയിരുന്നു. നടയ്ക്കൽ സർവ്വീസ് സഹകരണ ബാങ്ക് സെക്രട്ടറിയുടെ 21.02.2023 തീയതിയിലെ 525 നമ്പർ കത്തിൽ ലോൺ പലിശ തുക ഓഡിറ്റ് റിപ്പോർട്ടിൽ റിസർവ്വിൽ ഉൾപ്പെടുത്തിയിരിക്കുന്നതിനാലും ബാങ്കിന്റെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതി പരിഗണിച്ചും പലിശ ഒഴിവാക്കാൻ കഴിയുകയില്ലെന്ന് അറിയിച്ചിട്ടുണ്ട്. നിലവിൽ സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല. ലോൺ തിരിച്ചടവിൽ വീഴ്ചയുണ്ടായി. ബ്ലോക്ക് പഞ്ചായത്തിന് വലിയ സാമ്പത്തിക ബാദ്ധ്യത വരുത്തിവച്ച സാഹചര്യം അന്വേഷിച്ച് വിശദാംശങ്ങൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്. തുടർന്നുള്ള ഓഡിറ്റിൽ ഇതു സംബന്ധമായ തുടർ നടപടികൾ നിരീക്ഷിക്കുന്നതാണ്.
ഓഡിറ്റ് എൻക്വയറി നം. 7/16.03.2023

## 1-17 വാടക – ഡെപ്പോസിറ്റ് അടവാക്കുന്നില്ല.

ബ്ലോക്ക് പഞ്ചായത്ത് കോമ്പൌണ്ടിലെ കെട്ടിടത്തിൽ പൌർണ്ണമി കുടുംബശ്രീയുടെ ക്യാന്റീൻ പ്രതിമാസം 200/- രൂപ നിരക്കിൽ വാടകയ്ക്ക് പ്രവർത്തിക്കുന്നുണ്ട്. എന്നാൽ അവരിൽ നിന്നും ഡെപ്പോസിറ്റ് ഈടാക്കിയിട്ടില്ല. കുടുംബശ്രീയുമായി വാടകകരാറിൽ ഏർപ്പെട്ടതിന്റെ രേഖകളും വാടക ഈടാക്കുന്നത് സംബന്ധിച്ച ബൈലോയും, ഡെപ്പോസിറ്റ് ഇനത്തിൽ തുക ഈടാക്കാതിരുന്നതിനുള്ള കാരണവും ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള കെട്ടിടങ്ങളിൽ വാടകയ്ക്ക് പ്രവർത്തിക്കുന്നവരിൽ നിന്ന് ആദ്യ 3 മാസത്തെ വാടക തുക ഡെപ്പോസിറ്റ് ഇനത്തിൽ ഈടാക്കേണ്ടതാണ്. ഇതിന്മേൽ തുടർനടപടികൾ സ്വീകരിച്ച് കുടുംബശ്രീയിൽ നിന്നും ഡെപ്പോസിറ്റ് ഈടാക്കി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം. 1/15.03.2023

## 1-18 ആസ്തി രജിസ്റ്റർ - സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് പരിപാലിയ്ക്കുന്നില്ല

ആസ്തികളുടെ പരിപാലനത്തിനും സംരക്ഷണത്തിനും ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടത് ആസ്തി രജിസ്റ്ററിലെ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ്. ഡബിൾ എൻട്രി അക്കൗണ്ടിംഗ് സമ്പ്രദായത്തിന്റെ കൃത്യതയ്ക്ക് ആസ്തികളുടെ പൂർണ്ണമായ വിവരം ആവശ്യമാണ്. ആസ്തികളുടെ സംരക്ഷണത്തിന് ഫണ്ട് അനുവദിക്കുന്നതും ആസ്തി രജിസ്റ്ററിലെ വിവരങ്ങളെ ആധാരമാക്കി നിശ്ചയിക്കുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ്. ഈ കാരണങ്ങളാൽ ആസ്തി രജിസ്റ്ററിലെ വിവരങ്ങൾ കുറ്റമറ്റതും പൂർണ്ണവുമാക്കി കാലകാലങ്ങളിലെ മാറ്റങ്ങളും കൂടി ഉൾപ്പെടുത്തി സൂക്ഷിക്കേണ്ടതായുണ്ട്. പൂർണ്ണമാക്കിയ രജിസ്റ്ററിന്റെ ഒരു പ്രിന്റ് സെക്രട്ടറിയും എൻജിനീയറും

സാക്ഷ്യപ്പെടുത്തേണ്ടതാണ്.

ആസ്തി രജിസ്റ്ററിൽ മാറ്റങ്ങൾ/കൂട്ടിചേർക്കലുകൾ വരുത്തി കുറ്റമറ്റതാക്കി പരിഷ്കരിക്കേണ്ട ചുമതല തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയിൽ നിക്ഷിപ്തമാണ്. ഓരോ സാമ്പത്തിക വർഷത്തിന്റെയും ആരംഭത്തിൽ മുൻ വർഷം ആസ്തി രജിസ്റ്ററിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ സംഗ്രഹ റിപ്പോർട്ട് ഭരണ സമിതിയ്ക്ക് സമർപ്പിക്കുകയും, അംഗീകാരത്തോടെ ഡിജിറ്റൽ രജിസ്റ്റർ പുതുക്കി തയ്യാറാക്കേണ്ടതുമാണ്. മേൽ നിർദ്ദേശങ്ങൾ സർക്കാർ സർക്കുലറിൽ (തദ്ദേശ സ്വയം ഭരണ (ഡി.ബി.) വകുപ്പ് 13.01.2010 ലെ 58608/ഡി.ബി2/09) നിഷ്കർഷിച്ചിട്ടുള്ളതാണ്. ബ്ലോക്ക് പഞ്ചായത്തിൽ ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കാലികമാക്കിയോ, കൃത്യമായ രേഖപ്പെടുത്തലുകളോ വരുത്തി സെക്രട്ടറിയും എൽ.എസ്.ജി.ഡി എൻജിനീയറും സാക്ഷ്യപ്പെടുത്തുന്നില്ല. അതിനാൽ ഇത്തിക്കര ബ്ലോക്ക് സംബന്ധിച്ച എല്ലാ ആസ്തി വിവരങ്ങളും നിലവിലെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കുവാൻ സാധിക്കുന്നില്ല.

ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി പരിപാലിയ്ക്കുന്നതിന് ചുമതലപ്പെട്ടവർ അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതും ആയത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

1-19 പാനൽ എൻജിനീയർമാർ മുഖേന നടത്തുന്ന ഇലക്ട്രിക്കൽ പ്രവൃത്തികൾ-സർക്കാർ നിർദ്ദേശങ്ങൾ പാലിയ്ക്കുന്നില്ല

പ്രോജക്ട് നം. 69/2022 - കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത് - നഞ്ചൻവിള എസ്. സി. കോളനി-സാംസ്കാരിക നിലയം-രണ്ടാം നില വൈദ്യുതീകരണം
ചെലവ് തുക – 32,174/- രൂപ – വികസന ഫണ്ട് (എസ്.സി.പി.)
എഗ്രിമെൻറ് നം. 2/എ.ഇ./എൽ.എസ്.ജി.ഡി./ ഐ.ബി.പി./21-22/21.10.2021
ബിൽ നം – 5/21-22, തീ. 22.01.22

പ്രോജക്ട് നടപ്പിൽ വരുത്തുന്നതിന് 38,447/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയത് കൊല്ലം ജില്ലാപഞ്ചായത്തിലെ എൽ.എസ്.ജി.ഡി. ഇലക്ട്രിക്കൽ പാനൽ എൻജിനീയർ ശ്രീ രമണനും, പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയത് പാനൽ എൻജിനീയർമാരായ ശ്രീ. മുഹമ്മദലി, ശ്രീ. സി. എം. ഷംസുദ്ദീൻ എന്നിവരാണ്. ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയർ ടി.എസും നൽകിയിരിക്കുന്നു.
അസിസ്റ്റൻറ് എൻജിനീയർ നടത്തിയ ടെണ്ടർ നടപടിയിലൂടെ കരാർ ലഭിച്ച ശ്രീ. പി. രാജേഷ് കുമാർ നിർവ്വഹിച്ച ഇലക്ട്രിക്കൽ പ്രവൃത്തികൾ പരിശോധിച്ച് ശ്രീ. രമണൻ നൽകിയ കംപ്ലീഷൻ സർട്ടിഫിക്കറ്റിന്റേയും ശ്രീ. സി. എം. ഷംസുദ്ദീൻ നടത്തിയ ചെക്ക് മെഷർമെന്റിന്റേയും അടിസ്ഥാനത്തിൽ എ.ഇ. കരാറുകാരന് 29,877/- രൂപ അനുവദിച്ചു (ടെണ്ടർ കിഴിവ്, ക്ഷേമനിധി വിഹിതം കഴിച്ച്). ടി ചെലവ് കൂടാതെ എസ്റ്റിമേറ്റ് തയ്യാറാക്കൽ, ടെണ്ടർ രേഖകൾ തയ്യാറാക്കൽ, സൂപ്പർവിഷൻ, ബിൽ തയ്യാറാക്കൽ എന്നിവയ്ക്കായി എസ്റ്റിമേറ്റിന്റെ 3% തുകയായ 1,153/-രൂപ ശ്രീ. രമണനും, ടെക്നിക്കൽ സാങ്ഷൻ റിപ്പോർട്ട് തയ്യാറാക്കൽ, ചെക്ക് മെഷർമെന്റ് എന്നിവയ്ക്കായി 1% തുകയായ 384/- രൂപ ശ്രീ. സി. എം. ഷംസുദ്ദീൻ കുഞ്ഞിനും അനുവദിച്ചിട്ടുണ്ട്.
തദ്ദേശ സ്വയം ഭരണ (ഇ.ഡബ്ല്യു.) വകുപ്പിന്റെ 22.09.2015 ലെ സർക്കാർ ഉത്തരവ് (സാധാ)നം.2878/2015 /ത.സ്വ.ഭ.വ ഉത്തരവിൽ തദ്ദേശഭരണ സ്ഥാപനങ്ങളിലെ ഇലക്ട്രിക്കൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുന്നതിനും പി.ഡബ്ല്യു.ഡി, കെ.എസ്.ഇ.ബി. എന്നിവിടങ്ങളിൽ നിന്നും വിരമിച്ച യോഗ്യരായ എൻജിനീയർമാരുടെ ഒരു പാനൽ എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എൻജിനീയർ തയ്യാറാക്കേണ്ടതാണ്. ഈ പാനലിൽ നിന്നും ഒരു എൻജിനീയറെ തദ്ദേശ സ്വയം ഭരണ സ്ഥാപനം തെരഞ്ഞെടുക്കേണ്ടതും പ്രസ്തുത വ്യക്തിയുമായി കരാറിൽ ഏർപ്പെടേണ്ടതുമാണ്.
രേഖകൾ പരിശോധിച്ചതിൽ പാനൽ എൻജിനീയറെ തെരഞ്ഞെടുത്ത് തദ്ദേശ സ്വയം ഭരണ സ്ഥാപനം

പ്രസ്തുത വ്യക്തിയുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. പ്രവൃത്തിയുടെ ഇലക്ട്രിക്കൽ ഡ്രോയിംഗ്, മോണിറ്ററിംഗ് കമ്മറ്റി റിപ്പോർട്ട് എന്നിവ ഫയലിൽ ഇല്ല.
പാനൽ എൻജിനീയറിംഗ് വിഭാഗം മുഖേന പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് മുമ്പ് സർക്കാർ നിർദ്ദേശം പാലിച്ച് മാത്രമേ ചുമതലപ്പെട്ടവർ നടപടികൾ സ്വീകരിക്കാൻ പാടുള്ളൂ.
മേൽ വിഷയത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിനായി ഭരണ സമിതിയുടെ ശ്രദ്ധയിൽ വിഷയം കൊണ്ടുവരുന്നു. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭിച്ചില്ല.
ഓഡിറ്റ് എൻക്വയറി നം – 3/16.03.2023

1-20 കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത്-നിർമ്മാണ പ്രവൃത്തിയ്ക്ക് വിഹിതം നൽകി-ബാലൻസ് തുക ലഭിച്ചില്ല

1. പ്രോജക്ട് നം. 95/2022 - കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത് - കടമ്പാട്ടുകോണം 11 വാർഡിൽ കുഴിഞ്ഞിമൂട് പൊയ്കയിൽ കോളനി റോഡ് നിർമ്മാണം വിഹിതം നൽകൽ
2. പ്രോജക്ട് നം. 114/2022 - കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത് - വാർഡ് 5-ൽ പൂവത്തൂർ ആലംകോട് വാതുക്കൽ തോട് സൈഡ് വാൾ, സ്ലാബ്, കലുങ്ക് നിർമ്മാണം വിഹിതം നൽകൽ

നിർവ്വഹണ ഉദ്യോഗസ്ഥ - അസി. എൻജിനീയർ, എൽ.എസ്.ജി.ഡി
ഫണ്ട് - 10,00,000/- രൂപ - വികസന ഫണ്ട്- ( എസ്.സി.പി. )
ചെലവ് തുക – 10,00,000/- രൂപ
ബിൽ നം. 256, 257/18.03.2022

മേൽ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി ബ്ളോക്ക് വിഹിതമിനത്തിൽ 5,00,000/- രൂപാവീതം കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിന് കൈമാറി. 16.03.2023 -ന് കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ വിനിയോഗ സാക്ഷ്യപത്രത്തിൽ ചെലവ് തുക 8,05,791/- രൂപ എന്ന് രേഖപ്പെടുത്തിയിട്ടുള്ളതിനാൽ 1,94,209/- രൂപ തിരികെ ലഭിക്കുവാൻ അവശേഷിക്കുന്നു.
ആയത് ബന്ധപ്പെട്ട അക്കൗണ്ടിൽ അടവാക്കാത്തതിനാൽ 1,94,209/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു. തുക തിരികെ അടച്ചതിന്റെ രേഖ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.
ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭിച്ചില്ല.

തടസ്സപ്പെടുത്തിയ തുക – 1,94,209/- രൂപ
ഓഡിറ്റ് എൻക്വയറി നം – 3/16.03.2023

1-21 തുമ്പൂർമൂഴി മോഡൽ കമ്പോസ്റ്റിംഗ് സംവിധാനം ഏർപ്പെടുത്തൽ- പ്രവർത്തനം ആരംഭിച്ചില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എൻജിനീയർ, എൽ.എസ്.ജി.ഡി

ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ട്, യു.പി.സ്കൂൾ എന്നിവടങ്ങളിൽ തുമ്പൂർമൂഴി മോഡൽ കമ്പോസ്റ്റിംഗ് സംവിധാനം നിർമ്മിച്ചുവെങ്കിലും നാളിതുവരെ പ്രവർത്തനം ആരംഭിക്കാത്തത് പ്രോജക്ടിന്റെ ലക്ഷ്യങ്ങൾ നേടിയില്ലാ എന്നതും, ജൈവ മാലിന്യം ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിന് ഫലപ്രദമായ മാർഗ്ഗത്തിന്റെ പ്രചരണത്തിന് ഉത്തമ ദൃഷ്ടാന്തമായി മാറുമായിരുന്ന സംവിധാനം, നിഷ്ക്രീയ ആസ്തിയായി നിലകൊള്ളുന്നവെന്നുമാണ്. മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ അഭാവം മൂലം സംസ്ഥാനം വലിയ വെല്ലുവിളി നേരിടുന്ന അവസ്ഥയിൽ ടി വിഷയത്തിലെ നിഷ്ക്രിയത്വം നീതികരിയ്ക്കാവുന്നതല്ല.
നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. പ്രോജക്ട് നം. 74/2022 – ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ തുമ്പൂർമൂഴി മോഡൽ കമ്പോസ്റ്റിംഗ്

സംവിധാനം ഏർപ്പെടുത്തൽ-
ചെലവ് തുക - 1,69,930/- രൂപ (ധനകാര്യ കമ്മീഷൻ ഗ്രാൻറ് )
ടി.എസ്.നം .99076/20-21 – തീ. 22.02.2021
കരാറുകാരൻ – ശ്രീ. ഒ. ഷാജി
എഗ്രിമെന്റ് - 12/എ.ഇ./എൽ.എസ്.ജി.ഡി/ഐ.ബി.പി/21-22 തീ.29.10.2021
പൂർത്തിയാക്കിയ തീയതി - 10.01.2022
ബിൽ നം. 4/20.01.2022



2. പ്രോജക്റ്റ് നം. 115/2022- എൽ.പി.യു.പി.സ്കൂളുകളിൽ തുമ്പൂർമൂഴി മോഡൽ കമ്പോസ്റ്റിംഗ് സംവിധാനം ഏർപ്പെടുത്തൽ -
നാല് സ്കൂളുകളിൽ നടത്തിയ പ്രോജക്ടിൽ മൈലക്കാട് യു.പി.സ്കൂളിൽ നാളിതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ല.
ചെലവ് തുക (4 സ്കൂളുകളിൽ) - 7,36,194/-രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)
ടി.എസ്.നം. 68215/22 – തീ. 18.12.2021
കരാറുകാരൻ – ശ്രീ. ഗണേഷൻ
എഗ്രീമെന്റ് - 17/എ.ഇ./എൽ.എസ്.ജി.ഡി/ഐ.ബി.പി/21-22 തീ. 11.03.2022
പൂർത്തിയാക്കിയ തീയതി - 26.03.2022
ബിൽ നം. 21/30.03.2022





തുമ്പൂർമൂഴി മോഡൽ കമ്പോസ്റ്റിംഗ് സംവിധാനത്തിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് ചുമതലപ്പെട്ടവർ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭരണ സമിതിയുടെ സജീവ ശ്രദ്ധ ടി വിഷയത്തിലേയ്ക്ക് കൊണ്ടുവരുന്നു. മേൽ വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭിച്ചില്ല.
ഓഡിറ്റ് എൻക്വയറി നം – 3/16.03.2023

1-22 ബ്ലോക്ക്പഞ്ചായത്തിന് അനുവദനീയമല്ലാത്ത പദ്ധതി നടപ്പിലാക്കി

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥ | സി.ഡി.പി.ഒ |
| പ്രോജക്റ്റ് നം | 24/22 – ഭാരക്കുറവ് അനുഭവിക്കുന്ന ഗർഭിണികൾക്ക് പ്രത്യേക പോഷകാഹാരം |
| അടങ്കൽ തുക | 1,05,000/- രൂപ (വികസനഫണ്ട് – 1,00,000/-, തനത് ഫണ്ട് – 5,000/-) |
| ചെലവഴിച്ച തുക | 1,04,922/- രൂപ<br>(വികസനഫണ്ട് 1,00,000/- ബിൽ നം. 1/24-9-21, തുക – 23594/-,<br>ബിൽ നം. 2/28-12-21, തുക – 31,812/-,<br>ബിൽ നം. 4/1-1-22, തുക – 4,490/-,<br>ബിൽ നം. 7/21-2-22, തുക – 40104/-)<br>തനത്ഫണ്ട്, ചെക്ക് നം. 5757851/30-3-22, തുക – 4,922/- |

സി.ഡി.പി.ഒ നിർവ്വഹണോദ്യോഗസ്ഥയായി തൻവർഷം നടപ്പിലാക്കിയ മേൽ പദ്ധതിയിൽ ബ്ലോക്ക് പഞ്ചായത്തിൽ ഉൾപ്പെട്ട അഞ്ചു പഞ്ചായത്തുകളിലെ ഭാരക്കുറവ് അനുഭവിക്കുന്ന 34 ഗർഭിണികൾക്ക് പോഷകാഹാരവിതരണത്തിനായി 1,04,922/- രൂപ ചെലവഴിച്ചിട്ടുണ്ട്. സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ (ജി.ഒ(എം.എസ്.)11/18ത.സ്വ.ഭ.വ 29-1-18 ഖ.5.2.1, ഖ.7.8.2.3) പ്രകാരം ബ്ലോക്ക് പഞ്ചായത്തുകൾക്ക് മേൽപദ്ധതി അനുവദനീയമല്ല. ഗ്രാമ പഞ്ചായത്തുകളുടെ അനുപൂരകപോഷകാഹാരപദ്ധതി വഴി മാത്രമാണ് ഗർഭിണികൾക്ക് പോഷകാഹാരവിതരണത്തിന് അനുമതിയുള്ളത്.

ശിശുക്കൾ, കൗമാരപ്രായക്കാർ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ എന്നിവർക്ക് ആവശ്യമായ പോഷക ഘടകങ്ങൾ മതിയായ അളവിൽ ലഭിക്കുന്നു എന്നത് ഉറപ്പ് വരുത്തുന്നതിനായി മേൽ സൂചിപ്പിച്ചവർക്ക് ഒരു ദിവസം ലഭ്യമാക്കേണ്ട പോഷകഹാരങ്ങളുടെ 50 ശതമാനം അനുപൂരകമായി ലഭ്യമാക്കുന്നതിനാണ് ഗ്രാമപഞ്ചായത്തുകൾ അംഗൻവാടികൾ മുഖേന അനുപൂരകപോഷകാഹാര പദ്ധതി നടപ്പിലാക്കുന്നത്. ഗ്രാമപഞ്ചായത്തുകൾ ജില്ലാ-ബ്ലോക്ക് പഞ്ചായത്തുകളുടെ വിഹിതം സംയോജിപ്പിച്ച് തുക വകയിരുത്തി പദ്ധതി തയ്യാറാക്കി ഐ.സി.ഡി.എസ് സൂപ്പർവൈസർമാർ മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്. കൂടുതൽ പോഷകക്കുറവനുഭവിക്കുന്ന കുട്ടികൾ, ഗർഭിണികൾ എന്നിവരെ കണ്ടെത്തി അവർക്ക് കൂടിയ

അളവിൽ ഭക്ഷ്യസാധനങ്ങൾ ലഭ്യമാക്കി പോഷകപൂരണം ഉറപ്പു വരുത്തേണ്ടതും അനുപൂരകപോഷകാഹാര പദ്ധതി ലക്ഷ്യമാണ്.

സർക്കാർ മാർഗ്ഗനിർദ്ദേശമനുസരിച്ച് മേൽ പ്രകാരം പോഷകാഹാരവിതരണം നടത്തണമെന്നിരിക്കെയാണ് മേൽ പദ്ധതി വഴി ബ്ലോക്ക് പഞ്ചായത്തിൽ ഉൾപ്പെട്ട അഞ്ചു പഞ്ചായത്തുകളിലെ ഭാരക്കുറവ് അനുഭവിക്കുന്ന 34 ഗർഭിണികൾക്ക് നൽകുന്നതിനായി അവൽ, കരുപ്പ് കെട്ടി, എള്ള്, കാഷ്യൂനട്ട് എന്നിവ 1,04,922/- രൂപ ചെലവഴിച്ച് ചാത്തന്നൂർ സപ്ലൈകോയിൽനിന്നും വാങ്ങിയിട്ടുള്ളത്. (സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെയോ വിതരണം ചെയ്തതിന്റെയോ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.) ഗർഭിണികൾക്ക് ആവശ്യമായ ഭക്ഷ്യസാധനങ്ങളെല്ലാം അനുപൂരകപോഷകാഹാര പദ്ധതി വഴി അംഗൻവാടികൾ മുഖേന ടി.എച്ച്.ആർ ആയി എല്ലാമാസവും നല്കികൊണ്ടിരിക്കെയാണ് അതേ ഭക്ഷ്യവസ്തുക്കൾ സി.ഡി.പി.ഒ മുഖേന പദ്ധതി ആവിഷ്കരിച്ച് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും വാങ്ങി നല്കിയിട്ടുള്ളത്. സർക്കാർ മാർഗ്ഗനിർദ്ദേശപ്രകാരം അംഗൻവാടികൾ മുഖേന നടപ്പിലാക്കുന്ന അനുപൂരക പോഷകാഹാര പരിപാടി അല്ലാതെ മറ്റ് ഭക്ഷണ വിതരണ പരിപാടികൾ അനുവദനീയമല്ലാത്തതിനാലും മേൽ ഭക്ഷ്യവസ്തുക്കൾ എല്ലാം തന്നെ അനുപൂരക പോഷകാഹാരത്തിൽ ഉൾപ്പെടുന്ന ആയതിനാലും അനുവദനീയമല്ലാത്ത പദ്ധതി ബ്ലോക്ക് പഞ്ചായത്ത് മുഖേന നടപ്പിലാക്കുന്നതിന് ചെലവഴിച്ച 1,04,922/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.മേൽ വിഷയം സൂചിപ്പിച്ച് നല്കിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഭാരക്കുറവോടെ ജനിക്കുന്ന കുട്ടികളുടെ എണ്ണം കുറയ്ക്കുന്നതിലേക്കായാണ് തെരഞ്ഞെടുക്കപ്പെട്ട ഗർഭിണികൾക്ക് ഭക്ഷ്യവസ്തുക്കൾ നല്കിയതെന്നും മാതൃശിശു വകുപ്പിന്റെ ആദ്യആയിരം ദിന പരിപാടിയെപ്പോലെ പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പിലാക്കിയ പദ്ധതിയാണെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

എന്നാൽ ചുവടെ ചേർക്കുന്ന കാരണങ്ങളാൽ മറുപടി അംഗീകരിക്കുന്നില്ല.

1. മാതൃശിശുവകുപ്പിന്റെ ആദ്യആയിരം ദിന പരിപാടിക്കായി (വനിതാ ശിശുവികസന ഡയറക്ടറുടെ 19-7-21ലെ ഐ.സി.ഡി.എസ് എ5-5515/2021ാം നം ഉത്തരവ്) സംസ്ഥാനത്തെ തെരഞ്ഞെടുത്ത 28 ഐ.സി.ഡി.എസുകളിൽ (ഒരുജില്ലയിൽ രണ്ട് വീതം) കൊല്ലം ജില്ലയിൽ നിന്നും കൊല്ലം അർബൻ 1, അഞ്ചൽ അഡീഷണൽ എന്നീ രണ്ട് ഐ.സി.ഡി.എസ്. പ്രോജക്ട് മാത്രമാണ് ഉൾപ്പെട്ടിട്ടുള്ളത്. ഇത്തിക്കര ഐ.സി.ഡി.എസ് ഉൾപ്പെട്ടിട്ടില്ല.

2. മാതൃശിശുവകുപ്പിന്റെ ആദ്യആയിരം ദിന പരിപാടിയിൽ തെരഞ്ഞെടുക്കപ്പെട്ട ഒരു ഗുണഭോക്താവിന് 3 കി. ഗ്രാം തെറാപ്യൂട്ടിക് ഫുഡ് (ജി.എസ്.ടി ഉൾപ്പെടെ കി. ഗ്രാമിന് 96.06/- രൂപ നിരക്കിൽ) വീതം 4 മാസത്തേക്ക് (ആഗസ്റ്റ്-നവംബർ) 12 കി. ഗ്രാം തെറാപ്യൂട്ടിക്ഫുഡ് കുടുംബശ്രീ യൂണിറ്റിൽ നിന്നും വാങ്ങിനല്കുന്നതിനും ഇതിന് വേണ്ടുന്ന തുക മാതൃശിശുവകുപ്പിന്റെ 2235-02-102-50(p) എന്ന ചെലവ് ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിനുമാണ് തെരഞ്ഞെടുത്ത ഐ.സി.ഡി.എസുകൾക്ക് അനുമതി നല്കിയിട്ടുള്ളത്.

തെരഞ്ഞെടുത്ത ഐ.സി.ഡി.എസുകൾക്ക് പോലും ഡിപ്പാർട്ട്മെന്റ് ഫണ്ട് ഉപയോഗിച്ച് മാത്രം പദ്ധതി നടത്താൻ അനുമതിയുള്ള സാഹചര്യത്തിലാണ് ഇത്തിക്കര ബ്ലോക്കിന്റെ വികസന പ്രവർത്തനങ്ങൾക്കുപയോഗിക്കേണ്ട വികസനഫണ്ടും തനതുഫണ്ടും ഉപയോഗിച്ച് അനുമതിയില്ലാതെ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

അനുമതിയില്ലാത്ത പദ്ധതി നടപ്പിലാക്കിയതിന് ചെലവഴിച്ച 1,04,922/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ഉത്തരവാദിയായ നിർവ്വഹണോദ്യോഗസ്ഥയിൽ നിന്നും തുക ഈടാക്കി ഒടുക്കു വരുത്തി രേഖകൾ ഹാജരാക്കേണ്ടതാണ്.

എൻക്വയറി നം – 2/15-3-23

നിരാകരിക്കുന്ന തുക – 1,04,922/- രൂപ

1-23 അംഗനവാടികൾക്ക് വാട്ടർ പ്യൂരിഫയർ വാങ്ങി നല്കൽ

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥ | സി.ഡി.പി.ഒ |
| പ്രോജക്റ്റ് നം | 117/22 – അംഗനവാടികൾക്ക് വാട്ടർ പ്യൂരിഫയർ വാങ്ങി നല്കൽ |
| അടങ്കൽ തുക | 4,75,975/- രൂപ (ധനകാര്യകമ്മീഷൻ ഗ്രാന്റ്) |
| ചെലവഴിച്ച തുക | 4,75,975/-രൂപ (ബിൽ നം.315/27.03.22) |

സി.ഡി.പി.ഒ നിർവ്വഹണോദ്യോഗസ്ഥയായി തൻവർഷം നടപ്പിലാക്കിയ മേൽ പദ്ധതിയിൽ ബ്ലോക്ക് പഞ്ചായത്തിൽ ഉൾപ്പെട്ട അഞ്ചു പഞ്ചായത്തുകളിലെ 28 അംഗൻവാടികൾക്ക് വാട്ടർ പ്യൂരിഫയറുകൾ വാങ്ങുന്നതിനായി 4,75,975/- രൂപ അടങ്കലാണ് പദ്ധതി അംഗീകാരം നേടിയിരുന്നത്. മേൽ പദ്ധതിക്കായി ടെണ്ടറുകൾ ക്ഷണിച്ചതിൽ ചുവടെ ചേർക്കുന്ന 5 സ്ഥാപനങ്ങളാണ് ടെണ്ടർ സമർപ്പിച്ചിരുന്നത്.

1. M/s AL RAFA ASSOCIATES, AYATHIL, KOLLAM

2. M/s AB Enterprises, J.J.BUILDING, THIRUVANATHAPURAM,

3. M/s Hayya Trading Co, Thamarakkulam, Alapuzha,

4. M/s Hyox Water Scientists, Lalaji Junction, Karunagappally,

5. M/s IT Professionals Coperative Society, Thiruvananthapuram.

മേൽ സൂചിപ്പിച്ച 5 സ്ഥാപനങ്ങളുടെ ടെണ്ടർ സ്പെസിഫിക്കേഷൻ പരിശോധിച്ച് ഇവാല്വേഷൻ റിപ്പോർട്ട് നല്കുന്നതിനായി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി 16-3-22 ൽ എസ്.എൻ പോളിടെക്നിക് പ്രിൻസിപ്പാളിന് (കൊട്ടിയം) കത്ത് നല്കിയിരുന്നു. എസ്.എൻ പോളിടെക്നിക് പ്രിൻസിപ്പാളിന്റെ 22-3-22ലെ P/SNPTC /2021-22/726 നം കത്തിൽ ക്രമ നം. 1 പ്രകാരമുള്ള സ്ഥാപനമൊഴികെയുള്ള 4 സ്ഥാപനങ്ങളും ബ്ലോക്ക് പഞ്ചായത്ത് അംഗീകരിച്ചിട്ടുള്ള നിശ്ചിത സ്പെസിഫിക്കേഷൻ പ്രകാരം സമർപ്പിച്ചിട്ടുള്ളവയായതിനാൽ തുടർനടപടി കൈക്കൊള്ളാവുന്നതാണെന്ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചിരുന്നു.

മേൽ നാലു സ്ഥാപനങ്ങളിൽ വാട്ടർപ്യൂരിഫയറിന് ഏറ്റവും കുറഞ്ഞ വില സമർപ്പിച്ചിരുന്നത് M/s Hayya Trading Co, Thamarakkulam, Alapuzha എന്ന സ്ഥാപനമാണ്. ടി സ്ഥാപനത്തിന്റെ 8,300/- രൂപ വിലയുള്ള അക്വാടച്ച് ഡോൾഫിൻ എന്ന മോഡൽ വാട്ടർപ്യൂരിഫയറായിരുന്നു ലഭിച്ചവയിൽ ഏറ്റവും വില കുറഞ്ഞത്. എന്നാൽ ഭരണസമിതിയുടെ 22-3-22ലെ സ്റ്റിയറിങ് കമ്മിറ്റിയിലെ രണ്ടാം നം തീരുമാനപ്രകാരം M/s Hyox Water Scientists എന്നസ്ഥാപനത്തിന്റെ 12,654/- രൂപ വിലയുള്ള അക്വാസ്മാർട്ട് എന്ന വാട്ടർപ്യൂരിഫയർ വാങ്ങുന്നതിനും പദ്ധതിയിൽ അധികം തുകയുള്ളതിനാൽ പത്ത് യൂണിറ്റ് കൂടി അധികം വാങ്ങുന്നതിനും തീരുമാനം എടുക്കുകയും തുടർനടപടികൾ സ്വീകരിക്കാൻ ശിശുവികസനഓഫീസറെ ചുമതലപ്പെടുത്തുകയും ചെയ്തു. 22-3-22ലെ സ്റ്റിയറിങ് കമ്മിറ്റിയിലെ രണ്ടാം നം തീരുമാനത്തിന് നിർവ്വഹണോദ്യോഗസ്ഥയായ സി.ഡി.പി.ഒ 25-3-22ൽ വിയോജനം രേഖപ്പെടുത്തുകയും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

ക്രമ നം. 1 പ്രകാരമുള്ള സ്ഥാപനമൊഴികെയുള്ള 4 സ്ഥാപനങ്ങളും ബ്ലോക്ക് പഞ്ചായത്ത് അംഗീകരിച്ചിട്ടുള്ള നിശ്ചിത സ്പെസിഫിക്കേഷൻ പ്രകാരം സമർപ്പിച്ചിട്ടുള്ളവയാണെന്ന് എസ്.എൻ പോളിടെക്നിക്കിന്റെ സാങ്കേതിക വിഭാഗം അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ ടി 4 ടെണ്ടറുകൾ പ്രകാരമുള്ള വാട്ടർപ്യൂരിഫയറുകളിൽ ഏറ്റവും കുറഞ്ഞ വിലയുള്ളത് (8,300/-) തെരഞ്ഞെടുക്കുന്നതിന് പകരം 12,654/- രൂപ വിലയുള്ളത് തെരഞ്ഞെടുത്തത് മൂലം 38 വാട്ടർ പ്യൂരിഫയറിന്റെ വിലയിനത്തിൽ 1,60,575/- (475975-315400 ഇൻവോയ്സ് പ്രകാരമുള്ള തുക 4,80,852/- ആണെങ്കിലും നല്കിയത് 4,75,975/-) രൂപ അധികമായി ചെലവഴിച്ചിരിക്കുകയാണ്. അധികമായി ചെലവഴിച്ച തുക ഓഡിറ്റിൽ നിരാകരിക്കുന്നു. നിർവ്വഹണോദ്യോഗസ്ഥയായ സി.ഡി.പി.ഒ വിയോജനം രേഖപ്പെടുത്തിയിട്ടുള്ളതിനാൽ 22-3-22ലെ സ്റ്റിയറിങ് കമ്മിറ്റിയിൽ പങ്കെടുത്തവരിൽ നിന്നും 1,60,575/- രൂപ തിരികെ ഈടാക്കി ഒടുക്കുവരുത്തി രേഖകൾ ഹാജരാക്കേണ്ടതാണ്.

തുക അധികമായി ചെലവഴിച്ചത് സംബന്ധിച്ച ഓഡിറ്റന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതിയിൽ അംഗീകരിച്ചതിലും 10 വാട്ടർപ്യൂരിഫയറുകൾ അധികമായി വാങ്ങിയത് സംബന്ധിച്ച് പദ്ധതിയിൽ തുക അധികമുള്ളതിനാലും കൂടുതൽ അംഗൻവാടികൾക്ക് വാട്ടർ പ്യൂരിഫയർ ആവശ്യമായതിനാലുമാണ് വാങ്ങിയതെന്നും പ്രോജക്ട് റിവിഷൻ ഉണ്ടായില്ലെന്നുമാണ് അറിയിച്ചിട്ടുള്ളത്.

എൻക്വയറി നം – 2/15-3-23

നിരാകരിക്കുന്ന തുക – 1,60,575/- രൂപ

1-24 മദ്യം, മയക്കുമരുന്ന് എന്നിവക്കെതിരെ ഡോക്യുമെന്ററി നിർമ്മാണം ബോധവൽക്കരണം – രേഖകൾ ഹാജരാക്കിയില്ല.

പ്രോജക്ട് നമ്പർ – 23/22, മദ്യം മയക്കുമരുന്ന് എന്നിവക്കെതിരെ ഡോക്യുമെന്ററി നിർമ്മാണം ബോധവൽക്കരണം

ചെലവഴിച്ച തുക – 2 ലക്ഷം (വികസനഫണ്ട്-ജനറൽ) (ബിൽ നം. 5/25-1-22)

പദ്ധതി മാർഗ്ഗരേഖ ഖ. 7-8-4ൽ സാമൂഹ്യ തിന്മകളെ നിരുത്സാഹപ്പെടുത്തുന്നതിനും ലഹരികൾക്കെതിരെ ബോധവൽക്കരണം നടത്തുന്നതിനും അനുയോജ്യമായ പ്രോജക്ട് ഗ്രാമ ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ബ്ലോക്ക് പഞ്ചായത്തിൽ സി.ഡി.പി.ഒ നിർവ്വഹണോദ്യോഗസ്ഥയായി 30 മിനിറ്റ് ദൈർഘ്യമുള്ള ടെലിഫിലിം നിർമ്മിക്കുന്നതിനായി 2,00,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പ് വിവരം ചുവടെ ചേർക്കുന്നു.

1. എക്സൈസ് ഡിപ്പാർട്ട്മെന്റും സർക്കാരും നിർമ്മിച്ച വിവിധ ആന്റിഡ്രഗ് ബോധവൽക്കരണഡോക്കുമെന്ററികൾ ഉണ്ടായിരിക്കെ വീണ്ടും ഡോക്കുമെന്ററി നിർമ്മാണത്തിനായി വികസനഫണ്ടിൽ നിന്നും തുക ചെലവഴിച്ചു.

2. ഡോക്യുമെന്ററി നിർമ്മാണത്തിന് ടെണ്ടർ ക്ഷണിച്ചു കൊണ്ട് പത്രപ്പരസ്യം നല്കിയില്ല. ക്വട്ടേഷൻ നോട്ടീസ് മാത്രമാണ് ഹാജരാക്കിയത്. ഡോക്യുമെന്ററി നിർമ്മിക്കുന്നതിനും പ്രദർശിപ്പിക്കുന്നതിനും സർക്കാർ അനുമതി ലഭ്യമാക്കിയിട്ടില്ല. സർക്കാർ നിർദ്ദേശ പ്രകാരം കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷന്റെ അനുമതിയില്ലാതെ ഡോക്യുമെന്ററികളോ വീഡിയോകളോ നിർമ്മിക്കരുതെന്നും KSFDC-യുമായി കൂടിയാലോചിച്ചശേഷം മാത്രമേ ഡോക്യുമെന്ററി നിരമ്മാണ് പ്രവർത്തനം നടത്താവൂ എന്ന് വ്യക്തമാക്കിയിട്ടുണ്ടെങ്കിലും പാലിച്ചിട്ടില്ല. (സർക്കുലർ നം. 4743/A3 /95/CAD Dt. 30.10.95)

3. 2,00,000/- രൂപ ചെലവിൽ ഡോക്യുമെന്ററി നിർമ്മിച്ചു എന്നതല്ലാതെ പ്രദർശനം സംബന്ധിച്ച രേഖകളോ പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ടോ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

മേൽ സൂചിപ്പിച്ച രേഖകൾ ഹാജരാക്കുന്നത് വരെ ചെലവ് തുക തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

എൻക്വയറി നം. 2/15-3-23

തടസ്സപ്പെടുത്തുന്ന തുക - 2,00,000/- രൂപ

1-25 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

സെക്രട്ടറി, സി.ഡി.പി.ഒ എന്നിവർ നിർവ്വഹണോദ്യോഗസ്ഥരായി നടപ്പിലാക്കിയ ചുവടെ ചേർക്കുന്ന പദ്ധതികളുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതിയുടെ നം, പേര്, അടങ്കൽ തുക (₹), ഫണ്ട്, സ്ഥാപനം | നിർവ്വഹണോദ്യോഗസ്ഥൻ | ചെലവഴിച്ച തുക (₹) (ബിൽ നം) | തടസ്സപ്പെടുത്തുന്ന തുക (₹) | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | പ്രോജക്ട് നമ്പർ 84 /22 ചിറക്കര ജി | സി.ഡി.പി.ഒ | 1,68,440/- | 1,68,440/- | വിശദമായ |

| | | | | | |
|---|---|---|---|---|---|
| | പി<br>അംഗൻവാടി കെട്ടിട നിർമ്മാണം വിഹിതം<br>നല്കൽ 1,68,440/-<br>(58,779/- – *വികസനഫണ്ട് ജനറൽ 1,09,661 /-സി.എഫ്.സി.ഗ്രാന്റ്)* | | (324/28.3.22 – 58,779/-<br>CFC – 325/28.3.22 – 1,09,661/-) | | പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമായില്ല. |
| 2 | പ്രോജക്റ്റ് നമ്പർ 88/22<br>പൂതക്കുളം ജിപി അംഗൻവാടി കെട്ടിട<br>നിർമ്മാണം വിഹിതം – 7,00,000/-<br>വികസനഫണ്ട് ജനറൽ | സി.ഡി.പി.ഒ | 7,00,000/-<br>(3/28-12-21) | 7,00,000/- | ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. |
| 3 | പ്രോജക്റ്റ് നമ്പർ 19/22<br>ഭിന്നശേഷികുട്ടികൾക്ക്<br>സ്കോളർഷിപ്പ് വിഹിതം 11 ലക്ഷം,<br>വികസനഫണ്ട് ജനറൽ | സി.ഡി.പി.ഒ | 11,00,000/-<br>(61/23.10.21 – 20,500/-<br>62/23.10.21 – 1,99,500/-<br>64/27.10.21 – 2,20,000/-<br>65/27.10.21 – 2,20,000/-<br>124/24.12.21 – 2,20,000/-<br>166/24.1.22 – 2,300/-<br>86/19.11.21 – 2,17,700/-) | 11,00,000/- | ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. |
| 5 | പ്രോജക്റ്റ് നമ്പർ 22/22 അനുപൂരക പോഷകാഹാരം വിഹിതം – 22,00,000/-<br>വികസനഫണ്ട് ജനറൽ – 12,00,000/-<br>SCP – 1,00,000/- | സി.ഡി.പി.ഒ | 22,00,000/-<br>(35/15.9.21 – 2,25,000/-<br>36/16.9.21 – 2,25,000/-<br>45/28.9.21 – 2,50,000/-<br>46/28.9.21 – 2,75,000/-<br>47/28.9.21 – 2,25,000/-<br>200/18.2.22 – 50,000/-<br>202/18.2.22 – 3,68,717/-<br>206/21.2.22 – 15,000/-<br>208/21.2.22 – 4,00,000/-<br>280/22.3.22 – 31,283/-) | 22,00,000/- | ,<br>ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയില്ല.. |
| | പ്രോ.നം 107/22 ഇത്തിക്കര ബ്ലോക്കോഫീസിൽ | സെക്രട്ടറി | 2,36,280/-<br>(ബിൽ നം | 2,36,280/- | വിശദമായ പ്രവൃത്തി |

| | | | | | |
|---|---|---|---|---|---|
| | നിരീക്ഷണക്യാമറസ്ഥാപിക്കൽ 2,36,280/- വികസനഫണ്ട് ജനറൽ, പി.ഡബ്ല്യു.ഡി ഇലക്ട്രോണിക്സ് വിഭാഗം കൊല്ലം | | 42/21-1-22) | | പൂർത്തീകരണ സാക്ഷ്യപത്രം, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമായില്ല. |
| | പ്രോ നം 5/22 ഐ.കെ.എമ്മിന് പ്രവർത്തന ഫണ്ട് 48,260/- വികസനഫണ്ട് ജനറൽ | സെക്രട്ടറി | 48,260/- (ബിൽനം. 19/18-9-21) | 48,260/- | ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. |
| | പ്രോ.നം 106/22 കില സി.എച്ച്.ആർ.ഡി വനിതാഹോസ്റ്റൽ നിർമ്മാണം 3,00,000/- വികസനഫണ്ട് ജനറൽ | | 3,00,000/- (ബിൽ നം 33/23-12-21) | 3,00,000/- | ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. |
| | പ്രോ.നം 31/22 ജീവനം ജില്ലാപഞ്ചായത്തിന് വിഹിതം 1,00,000/- വികസനഫണ്ട് ജനറൽ | സെക്രട്ടറി | 1,00,000/- (ബിൽ നം 10/13-7-21) | 1,00,000/- | ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. |
| | പ്രോ നം 66/22 കല്ലുവാതുക്കൽ ജി.പി. ചാണാപൊയ്കകോളനി കുഴൽകിണർ നിർമ്മാണം 7,31,935/- ധനകാര്യകമ്മീഷൻ ഗ്രാന്റ്, ജി.ഡബ്ല്യു.ഡി | സെക്രട്ടറി | 7,30,000/- (സി.എഫ്.സി. ബിൽ നം. 237/9-3-22) 1,935/- (സി.എഫ്.സി. ബിൽ നം. 269/19-3-22) | 7,31,935/- | വിശദമായ പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമായില്ല. |
| | പ്രോ നം 64/22 ചിറക്കര ജി.പി. നെടുങ്ങോലം ഗവ. ഹൈസ്കൂളിന് ബോർവവെൽ നിർമ്മാണം 4,10,315/- | സെക്രട്ടറി | 4,08,380/- (സി.എഫ്.സി ബിൽ നം. 238/9-3-22) 1,935/- (സി.എഫ്.സി ബിൽ നം. 268/19-3-22) | 4,10,315/- | വിശദമായ പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമായില്ല. |
| | പ്രോ നം 108/22 ഇത്തിക്കര ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ കുഴൽക്കിണർ നിർമ്മാണം 3,35,935/-, ജി.ഡബ്ല്യു.ഡി | സെക്രട്ടറി | 3,35,935/- (3,34,000/-, ബിൽ നം. 70/27-3-22), (1,935/- ബിൽ നം. 38/13-1-22) | 3,35,935/- | വിശദമായ പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമായില്ല. |
| | | | ആകെ | 63,31,165/- | |

വിനിയോഗരേഖകളുടെ അഭാവത്തിൽ മേൽ പദ്ധതികൾക്ക് വേണ്ടി ചെലവഴിച്ച തുകകൾ തടസ്സപ്പെടുത്തുന്നു, പ്രവർത്തിപൂർത്തീകരിച്ചതിന്റെ രേഖകൾ, വിശദമായ ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

എൻക്വയറി നം. – 2/15-3-23, 5/16-3-23,

തടസ്സപ്പെടുത്തുന്ന തുക – 63,31,165/- രൂപ

1-26 വിജയോത്സവം - ചെലവനുമതി ഹാജരാക്കിയില്ല.

സാക്ഷരതാ തുടർപ്രവർത്തനങ്ങളുടെ ഭാഗമായി വിജയോത്സവം എന്ന പേരിൽ സാക്ഷരതാപ്രേരക്മാരെയും തുല്യതാ പരീക്ഷയിൽ ജയിച്ചവരെയും ആദരിക്കുന്നതിനായി തനത് ഫണ്ടിൽ നിന്നും 7,770/- രൂപ (ചെക്ക് നം. 5757754/30-9-21) ചെലവഴിച്ചിട്ടുണ്ട്. മേൽ പരിപാടി ക്കായി തുക ചെലവഴിക്കുന്നത് സംബന്ധിച്ച സർക്കാർ നിർദ്ദേശം എൻക്വയറി മുഖേന ആവശ്യപ്പെട്ടെങ്കിലും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഭരണസമിതിയുടെ 10-9-21 ലെ 3-ാം നം. തീരുമാനപ്രകാരമാണ് മേൽ പരിപാടി നടത്തിയിട്ടുള്ളത്. മേൽ ചെലവനുവാദം സംബന്ധിച്ച സർക്കാർ ഉത്തരവ് ലഭ്യമാക്കുന്നത് വരെ ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

എൻക്വയറി നം 5/16-3-23

തടസ്സപ്പെടുത്തുന്ന തുക – 7,770/- രൂപ

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 ബ്ലോക്ക്പഞ്ചായത്തിന് അനുവദനീയമല്ലാത്ത പദ്ധതി നടപ്പിലാക്കി

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥ | സി.ഡി.പി.ഒ |
| പ്രോജക്റ്റ് നം | 24/22 – ഭാരക്കുറവ് അനുഭവിക്കുന്ന ഗർഭിണികൾക്ക് പ്രത്യേക പോഷകാഹാരം |
| അടങ്കൽ തുക | 1,05,000/- രൂപ (വികസനഫണ്ട് – 1,00,000/-, തനത് ഫണ്ട് – 5,000/-) |
| ചെലവഴിച്ച തുക | 1,04,922/- രൂപ<br>(വികസനഫണ്ട് 1,00,000/- ബിൽ നം. 1/24-9-21, തുക – 23594/-,<br>ബിൽ നം. 2/28-12-21, തുക – 31,812/-,<br>ബിൽ നം. 4/1-1-22, തുക – 4,490/-,<br>ബിൽ നം. 7/21-2-22, തുക – 40104/-)<br>തനത്ഫണ്ട്, ചെക്ക് നം. 5757851/30-3-22, തുക – 4,922/- |

സി.ഡി.പി.ഒ നിർവ്വഹണോദ്യോഗസ്ഥയായി തൻവർഷം നടപ്പിലാക്കിയ മേൽ പദ്ധതിയിൽ ബ്ലോക്ക് പഞ്ചായത്തിൽ ഉൾപ്പെട്ട അഞ്ചു പഞ്ചായത്തുകളിലെ ഭാരക്കുറവ് അനുഭവിക്കുന്ന 34 ഗർഭിണികൾക്ക് പോഷകാഹാരവിതരണത്തിനായി 1,04,922/- രൂപ ചെലവവഴിച്ചിട്ടുണ്ട്. സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ (ജി.ഒ(എം.എസ്.)11/18ത.സ്വ.ഭ.വ 29-1-18 ഖ.5.2.1, ഖ.7.8.2.3) പ്രകാരം ബ്ലോക്ക് പഞ്ചായത്തുകൾക്ക് മേൽപദ്ധതി അനുവദനീയമല്ല. ഗ്രാമ പഞ്ചായത്തുകളുടെ അനുപൂരകപോഷകാഹാരപദ്ധതി വഴി മാത്രമാണ് ഗർഭിണികൾക്ക് പോഷകാഹാരവിതരണത്തിന് അനുമതിയുള്ളത്.

ശിശുക്കൾ, കൗമാരപ്രായക്കാർ ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ എന്നിവർക്ക് ആവശ്യമായ പോഷക ഘടകങ്ങൾ മതിയായ അളവിൽ ലഭിക്കുന്നു എന്നത് ഉറപ്പ് വരുത്തുന്നതിനായി മേൽ സൂചിപ്പിച്ചവർക്ക് ഒരു ദിവസം ലഭ്യമാക്കേണ്ട പോഷകഹാരങ്ങളുടെ 50 ശതമാനം അനുപൂരകമായി ലഭ്യമാക്കുന്നതിനാണ് ഗ്രാമപഞ്ചായത്തുകൾ അംഗൻവാടികൾ മുഖേന അനുപൂരകപോഷകാഹാര പദ്ധതി നടപ്പിലാക്കുന്നത്.

ഗ്രാമപഞ്ചായത്തുകൾ ജില്ലാ-ബ്ലോക്ക് പഞ്ചായത്തുകളുടെ വിഹിതം സംയോജിപ്പിച്ച് തുക വകയിരുത്തി പദ്ധതി തയ്യാറാക്കി ഐ.സി.ഡി.എസ് സൂപ്പർവൈസർമാർ മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്. കൂടുതൽ പോഷകക്കുറവനുഭവിക്കുന്ന കുട്ടികൾ, ഗർഭിണികൾ എന്നിവരെ കണ്ടെത്തി അവർക്ക് കൂടിയ അളവിൽ ഭക്ഷ്യസാധനങ്ങൾ ലഭ്യമാക്കി പോഷകപൂരണം ഉറപ്പു വരുത്തേണ്ടതും അനുപൂരകപോഷകാഹാര പദ്ധതി ലക്ഷ്യമാണ്.

സർക്കാർ മാർഗ്ഗനിർദ്ദേശമനുസരിച്ച് മേൽ പ്രകാരം പോഷകാഹാരവിതരണം നടത്തണമെന്നിരിക്കെയാണ് മേൽ പദ്ധതി വഴി ബ്ലോക്ക് പഞ്ചായത്തിൽ ഉൾപ്പെട്ട അഞ്ചു പഞ്ചായത്തുകളിലെ ഭാരക്കുറവ് അനുഭവിക്കുന്ന 34 ഗർഭിണികൾക്ക് നൽകുന്നതിനായി അവൽ, കരുപ്പ് കെട്ടി, എള്ള്, കാഷ്യൂനട്ട് എന്നിവ 1,04,922/- രൂപ ചെലവഴിച്ച ചാത്തന്നൂർ സപ്ലൈകോയിൽനിന്നും വാങ്ങിയിട്ടുള്ളത്. (സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെയോ വിതരണം ചെയ്തതിന്റെയോ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.) ഗർഭിണികൾക്ക് ആവശ്യമായ ഭക്ഷ്യസാധനങ്ങളെല്ലാം അനുപൂരകപോഷകാഹാര പദ്ധതി വഴി അംഗൻവാടികൾ മുഖേന ടി.എച്ച്.ആർ ആയി എല്ലാമാസവും നല്കികൊണ്ടിരിക്കെയാണ് അതേ ഭക്ഷ്യവസ്തുക്കൾ സി.ഡി.പി.ഒ മുഖേന പദ്ധതി ആവിഷ്കരിച്ച് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും വാങ്ങി നല്കിയിട്ടുള്ളത്. സർക്കാർ മാർഗ്ഗനിർദ്ദേശപ്രകാരം അംഗൻവാടികൾ മുഖേന നടപ്പിലാക്കുന്ന അനുപൂരക പോഷകാഹാര പരിപാടി അല്ലാതെ മറ്റ് ഭക്ഷണ വിതരണ പരിപാടികൾ അനുവദനീയമല്ലാത്തതിനാലും മേൽ ഭക്ഷ്യവസ്തുക്കൾ എല്ലാം തന്നെ അനുപൂരക പോഷകാഹാരത്തിൽ ഉൾപ്പെടുന്ന ആയതിനാലും അനുവദനീയമല്ലാത്ത പദ്ധതി ബ്ലോക്ക് പഞ്ചായത്ത് മുഖേന നടപ്പിലാക്കുന്നതിന് ചെലവഴിച്ച 1,04,922/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. മേൽ വിഷയം സൂചിപ്പിച്ച് നല്കിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഭാരക്കുറവോടെ ജനിക്കുന്ന കുട്ടികളുടെ എണ്ണം കുറയ്ക്കുന്നതിലേക്കായാണ് തെരഞ്ഞെടുക്കപ്പെട്ട ഗർഭിണികൾക്ക് ഭക്ഷ്യവസ്തുക്കൾ നല്കിയതെന്നും മാതൃശിശു വകുപ്പിന്റെ ആദ്യആയിരം ദിന പരിപാടിയെപ്പോലെ പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പിലാക്കിയ പദ്ധതിയാണെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

എന്നാൽ ചുവടെ ചേർക്കുന്ന കാരണങ്ങളാൽ മറുപടി അംഗീകരിക്കുന്നില്ല.

1. മാതൃശിശുവകുപ്പിന്റെ ആദ്യആയിരം ദിന പരിപാടിക്കായി (വനിതാ ശിശുവികസന ഡയറക്ടറുടെ 19-7-21ലെ ഐ.സി.ഡി.എസ് എ5-5515/2021-ാം നം ഉത്തരവ്) സംസ്ഥാനത്തെ തെരഞ്ഞെടുത്ത 28 ഐ.സി.ഡി.എസുകളിൽ (ഒരുജില്ലയിൽ രണ്ട് വീതം) കൊല്ലം ജില്ലയിൽ നിന്നും കൊല്ലം അർബൻ 1, അഞ്ചൽ അഡീഷണൽ എന്നീ രണ്ട് ഐ.സി.ഡി.എസ്. പ്രോജക്ട് മാത്രമാണ് ഉൾപ്പെട്ടിട്ടുള്ളത്. ഇത്തിക്കര ഐ.സി.ഡി.എസ് ഉൾപ്പെട്ടിട്ടില്ല.

2. മാതൃശിശുവകുപ്പിന്റെ ആദ്യആയിരം ദിന പരിപാടിയിൽ തെരഞ്ഞെടുക്കപ്പെട്ട ഒരു ഗുണഭോക്താവിന് 3 കി. ഗ്രാം തെറാപ്യൂട്ടിക് ഫുഡ് (ജി.എസ്.ടി ഉൾപ്പെടെ കി. ഗ്രാമിന് 96.06/- രൂപ നിരക്കിൽ) വീതം 4 മാസത്തേക്ക് (ആഗസ്റ്റ്-നവംബർ) 12 കി. ഗ്രാം തെറാപ്യൂട്ടിക്ഫുഡ് കുടുംബശ്രീ യൂണിറ്റിൽ നിന്നും വാങ്ങിനല്കുന്നതിനും ഇതിന് വേണ്ടുന്ന തുക മാതൃശിശുവകുപ്പിന്റെ 2235-02-102-50(p) എന്ന ചെലവ് ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിനുമാണ് തെരഞ്ഞെടുത്ത ഐ.സി.ഡി.എസുകൾക്ക് അനുമതി നല്കിയിട്ടുള്ളത് .

തെരഞ്ഞെടുത്ത ഐ.സി.ഡി.എസുകൾക്ക് പോലും ഡിപ്പാർട്ട്മെന്റ് ഫണ്ട് ഉപയോഗിച്ച് മാത്രം പദ്ധതി നടത്താൻ അനുമതിയുള്ള സാഹചര്യത്തിലാണ് ഇത്തിക്കര ബ്ലോക്കിന്റെ വികസന പ്രവർത്തനങ്ങൾക്കുപയോഗിക്കേണ്ട വികസനഫണ്ടും തനതുഫണ്ടും ഉപയോഗിച്ച് അനുമതിയില്ലാതെ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

അനുമതിയില്ലാത്ത പദ്ധതി നടപ്പിലാക്കിയതിന് ചെലവഴിച്ച 1,04,922/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ഉത്തരവാദിയായ നിർവ്വഹണോദ്യോഗസ്ഥയിൽ നിന്നും തുക ഈടാക്കി ഒടുക്കു വരുത്തി രേഖകൾ ഹാജരാക്കേണ്ടതാണ്.

എൻക്വയറി നം – 2/15-3-23

നിരാകരിക്കുന്ന തുക – 1,04,922/- രൂപ

3-2 അംഗനവാടികൾക്ക് വാട്ടർ പ്യൂരിഫയർ വാങ്ങി നല്കൽ

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥ | സി.ഡി.പി.ഒ |
| പ്രോജക്റ്റ് നം | 117/22 – അംഗനവാടികൾക്ക് വാട്ടർ പ്യൂരിഫയർ വാങ്ങി നല്കൽ |
| അടങ്കൽ തുക | 4,75,975/- രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവഴിച്ച തുക | 4,75,975/- രൂപ (ബിൽ നം.315/27.03.22) |

സി.ഡി.പി.ഒ നിർവ്വഹണോദ്യോഗസ്ഥയായി തൻവർഷം നടപ്പിലാക്കിയ മേൽ പദ്ധതിയിൽ ബ്ലോക്ക് പഞ്ചായത്തിൽ ഉൾപ്പെട്ട അഞ്ചു പഞ്ചായത്തുകളിലെ 28 അംഗൻവാടികൾക്ക് വാട്ടർ പ്യൂരിഫയറുകൾ വാങ്ങുന്നതിനായി 4,75,975/- രൂപ അടങ്കലാണ് പദ്ധതി അംഗീകാരം നേടിയിരുന്നത്. മേൽ പദ്ധതിക്കായി ടെണ്ടറുകൾ ക്ഷണിച്ചതിൽ ചുവടെ ചേർക്കുന്ന 5 സ്ഥാപനങ്ങളാണ് ടെണ്ടർ സമർപ്പിച്ചിരുന്നത്.

1. M/s AL RAFA ASSOCIATES, AYATHIL, KOLLAM
2. M/s AB Enterprises, J.J.BUILDING, THIRUVANATHAPURAM,
3. M/s Hayya Trading Co, Thamarakkulam, Alapuzha,
4. M/s Hyox Water Scientists, Lalaji Junction, Karunagappally,
5. M/s IT Professionals Coperative Society, Thiruvananthapuram.

മേൽ സൂചിപ്പിച്ച 5 സ്ഥാപനങ്ങളുടെ ടെണ്ടർ സ്പെസിഫിക്കേഷൻ പരിശോധിച്ച് ഇവാല്വേഷൻ റിപ്പോർട്ട് നല്കുന്നതിനായി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി 16-3-22 ൽ എസ്.എൻ പോളിടെക്നിക് പ്രിൻസിപ്പാളിന് (കൊട്ടിയം) കത്ത് നല്കിയിരുന്നു. എസ്.എൻ പോളിടെക്നിക് പ്രിൻസിപ്പാളിന്റെ 22-3-22ലെ P/SNPTC /2021-22/726 നം കത്തിൽ ക്രമ നം. 1 പ്രകാരമുള്ള സ്ഥാപനമൊഴികെയുള്ള 4 സ്ഥാപനങ്ങളും ബ്ലോക്ക് പഞ്ചായത്ത് അംഗീകരിച്ചിട്ടുള്ള നിശ്ചിത സ്പെസിഫിക്കേഷൻ പ്രകാരം സമർപ്പിച്ചിട്ടുള്ളവയായതിനാൽ തുടർനടപടി കൈക്കൊള്ളാവുന്നതാണെന്ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചിരുന്നു.

മേൽ നാലു സ്ഥാപനങ്ങളിൽ വാട്ടർപ്യൂരിഫയറിന് ഏറ്റവും കുറഞ്ഞ വില സമർപ്പിച്ചിരുന്നത് M/s Hayya Trading Co, Thamarakkulam, Alapuzha എന്ന സ്ഥാപനമാണ്. ടി സ്ഥാപനത്തിന്റെ 8,300/- രൂപ വിലയുള്ള അക്വാടച്ച് ഡോൾഫിൻ എന്ന മോഡൽ വാട്ടർപ്യൂരിഫയറായിരുന്നു ലഭിച്ചവയിൽ ഏറ്റവും വില കുറഞ്ഞത്. എന്നാൽ ഭരണസമിതിയുടെ 22-3-22ലെ സ്റ്റിയറിങ് കമ്മിറ്റിയിലെ രണ്ടാം നം തീരുമാനപ്രകാരം M/s Hyox Water Scientists എന്നസ്ഥാപനത്തിന്റെ 12,654/- രൂപ വിലയുള്ള അക്വവാസ്മാർട്ട് എന്ന വാട്ടർപ്യൂരിഫയർ വാങ്ങുന്നതിനും പദ്ധതിയിൽ അധികം തുകയുള്ളതിനാൽ പത്ത് യൂണിറ്റ് കൂടി അധികം വാങ്ങുന്നതിനും തീരുമാനം എടുക്കുകയും തുടർനടപടികൾ സ്വീകരിക്കാൻ ശിശുവികസനഓഫീസറെ ചുമതലപ്പെടുത്തുകയും ചെയ്തു. 22-3-22ലെ സ്റ്റിയറിങ് കമ്മിറ്റിയിലെ രണ്ടാം നം തീരുമാനത്തിന് നിർവ്വഹണോദ്യോഗസ്ഥയായ സി.ഡി.പി.ഒ 25-3-22ൽ വിയോജനം രേഖപ്പെടുത്തുകയും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

ക്രമ നം. 1 പ്രകാരമുള്ള സ്ഥാപനമൊഴികെയുള്ള 4 സ്ഥാപനങ്ങളും ബ്ലോക്ക് പഞ്ചായത്ത് അംഗീകരിച്ചിട്ടുള്ള നിശ്ചിത സ്പെസിഫിക്കേഷൻ പ്രകാരം സമർപ്പിച്ചിട്ടുള്ളവയാണെന്ന് എസ്.എൻ പോളിടെക്നിക്കിന്റെ സാങ്കേതിക വിഭാഗം അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ ടി 4 ടെണ്ടറുകൾ പ്രകാരമുള്ള വാട്ടർപ്യൂരിഫയറുകളിൽ ഏറ്റവും കുറഞ്ഞ വിലയുള്ളത് (8,300/-) തെരഞ്ഞെടുക്കുന്നതിന് പകരം 12,654/- രൂപ വിലയുള്ളത് തെരഞ്ഞെടുത്തത് മൂലം 38 വാട്ടർ പ്യൂരിഫയറിന്റെ വിലയിനത്തിൽ 1,60,575/- (475975-315400 ഇൻവോയ്സ് പ്രകാരമുള്ള തുക 4,80,852/- ആണെങ്കിലും നല്കിയത് 4,75,975/-) രൂപ അധികമായി ചെലവഴിച്ചിരിക്കുകയാണ്. അധികമായി ചെലവഴിച്ച തുക ഓഡിറ്റിൽ നിരാകരിക്കുന്നു. നിർവ്വഹണോദ്യോഗസ്ഥയായ സി.ഡി.പി.ഒ വിയോജനം

രേഖപ്പെടുത്തിയിട്ടുള്ളതിനാൽ 22-3-22ലെ സ്റ്റിയറിങ് കമ്മിറ്റിയിൽ പങ്കെടുത്തവരിൽ നിന്നും 1,60,575/- രൂപ തിരികെ ഈടാക്കി ഒടുക്കവരുത്തി രേഖകൾ ഹാജരാക്കേണ്ടതാണ്.

തുക അധികമായി ചെലവഴിച്ചത് സംബന്ധിച്ച ഓഡിറ്റന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതിയിൽ അംഗീകരിച്ചതിലും 10 വാട്ടർപ്യൂരിഫയറുകൾ അധികമായി വാങ്ങിയത് സംബന്ധിച്ച് പദ്ധതിയിൽ തുക അധികമുള്ളതിനാലും കൂടുതൽ അംഗൻവാടികൾക്ക് വാട്ടർ പ്യൂരിഫയർ ആവശ്യമായതിനാലുമാണ് വാങ്ങിയതെന്നും പ്രോജക്ട് റിവിഷൻ ഉണ്ടായില്ലെന്നുമാണ് അറിയിച്ചിട്ടുള്ളത്.

എൻക്വയറി നം – 2/15-3-23

നിരാകരിക്കുന്ന തുക – 1,60,575/- രൂപ

## 3-3 പദ്ധതി മാർഗ്ഗരേഖ പ്രകാരം അർഹരല്ലാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം അനുവദിച്ചു.

പ്രോജക്ട് നം. 58/22, പ്രോജക്ട് നം. 122/22
എസ്.സി. വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ്
നിർവ്വഹണ ഉദ്യോഗസ്ഥൻ - പട്ടികജാതി വികസന ഓഫീസർ
എസ്.സി. വിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് നൽകുന്നതിനായി പട്ടികജാതി വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതിയായിരുന്നു പ്രോജക്ട് നം. 58/22, പ്രോജക്ട് നം.122/22 എന്നിവ. എന്നാൽ 14.02.2018 തീയതിയിലെ സ.ഉ.(കൈ)നം.22/2018/ത.സ്വ.ഭ.വ. പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 7.2.5 പ്രകാരം മെറിറ്റോറിയസ് സ്കോളർഷിപ്പിന് അർഹരായ വിദ്യാർത്ഥികളുടെ വിഭാഗത്തിൽ പ്ലസ് ടു, വി.എച്ച്.എസ്.ഇ. വിദ്യാർത്ഥികൾ ഉൾപ്പെട്ടിട്ടില്ലായെങ്കിലും മേൽപ്പരാമർശിക്കപ്പെട്ട പ്രോജക്ട് നം. 58/22 പ്രകാരം പ്ലസ് ടു, വി.എച്ച്.എസ്.ഇ. കോഴ്സിൽ പഠിക്കുന്ന 132 വിദ്യാർത്ഥികൾക്ക് 15,000/- രൂപ വീതം ആകെ 19,80,000/- രൂപയും പ്രോജക്ട് നം. 122/22 പ്രകാരം 13 പ്ലസ് ടു വിദ്യാർത്ഥികൾക്ക് 15000/- രൂപ വീതം 1,95,000/- രൂപയും ഉൾപ്പെടെ ആകെ 21,75,000/- രൂപ അനുവദിച്ചു. സബ്സിഡി മാർഗ്ഗരേഖയിൽ ഉൾപ്പെടാത്ത ഗുണഭോക്താക്കൽക്ക് തുക അനുവദിച്ചത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. പദ്ധതി മാർഗ്ഗരേഖ മറികടന്ന് ചെലവഴിച്ച 21,75,000/- രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല.
ഓഡിറ്റ് എൻക്വയറി നം. 9/16.03.23
ഓഡിറ്റ് നിരാകരണം- 21,75,000/- രൂപ

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 15/03/2023 | കെ.എസ്.എ.കെ.എൽ.എം.പി.5/554/23, തീയതി – 11.04.2023 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക (രൂപ) | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്ത് | 2021-22 | 10,50,000/- | പി.എം.എ.വൈ | 10,50,000/- | - |
| പൂതക്കുളം ഗ്രാമപഞ്ചായത്ത് | 2021-22 | 6,30,000/- | പി.എം.എ.വൈ | 6,30,000/- | - |

| | | | | | |
|---|---|---|---|---|---|
| ചിറക്കര ഗ്രാമപഞ്ചായത്ത് | 2021-22 | 2,10,000/- | പി.എം.എ.വൈ | 2,10,000/- | - |
| ചാത്തന്നൂർ ഗ്രാമപഞ്ചായത്ത് | 2021-22 | 3,40,000/- | പി.എം.എ.വൈ | 3,40,000/- | - |
| ജില്ലാ പഞ്ചായത്ത് | 2021-22 | 2,94,0000/- | പി.എം.എ.വൈ | 2,94,0000/- | - |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര്-പദ്ധതി നം | ബിൽ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക (രൂപ) | ചെലവഴിച്ച തുക (രൂപ) | ചെലവഴിക്കാൻ ബാക്കിയുള്ള തുക (രൂപ) |
|---|---|---|---|---|---|
| പിഡബ്ല്യുഡി ഇലക്ട്രിക്കൽ ഡിവിഷൻ | ഇത്തിക്കര ബ്ലോക്കോഫീസിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിയ്ക്കൽ, 107/22 | ബിൽ നം. 42/21-1-22 | 2,36,280/- | 0 | 2,36,280/- |
| ഭൂജല വകുപ്പ് | ചിറക്കര ഗ്രാമപഞ്ചായത്തിലെ നെടുങ്ങോലം ഗവ. സ്കൂളിന് ബോർവെൽ നിർമ്മാണം, 64/22 | സി.എഫ്.സി ബിൽ നം. 238/9-3-22 തുക – 4,08,380/-, സി.എഫ്.സി ബിൽ നം. 68/19-3-22 തുക – 1,935/- | 4,10,315/- | 0 | 4,10,315/- |
| ഭൂജല വകുപ്പ് | കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിലെ കിഴക്കനേല 7-ാം വാർഡിൽ ചാന്നാംപൊയ്ക കോളനിയിൽ കുഴൽ കിണർ നിർമ്മാണം, 66/22 | 237/09.3.22<br>269/19.03.22 | 7,30,000/-<br>1,935/- | 0 | 7,31,935/- |
| ഭൂജല വകുപ്പ് | ഇത്തിക്കര ബ്ലോക്ക് പഞ്ചായത്ത് കോമ്പൌണ്ടിൽ കുഴൽ കിണർ നിർമ്മാണം, 108/22 | 70/23.03.22<br>38/13.01.22 | 3,34,000/-<br>1,935/- | 0 | 3,35,935/- |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവും ചെലവും ഇല്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക (രൂപ) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (രൂപ) | തൻവർഷം തിരിച്ചടച്ച തുക (രൂപ) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (രൂപ) |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഐ.എ.വൈ ലോൺ | സ.ഉ(എം.എസ്.) 90/13/തസ്വഭവ /തീയതി 14/3/2013 | 1,36,16,454/- | 52,80,258/- (മുതൽ) | 0 | 0 | 52,80,258/- (മുതൽ) |

## 4-6 സ്ഥിരനിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 10527/- രൂപയുടെ വിശദാംശം താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം, ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളിന്റെ പേരും ഉദ്യോഗപ്പേരും | രസീത് നം., തീയതി |
|---|---|---|---|---|
| 2019-20 | | 7587 | | Direct Payment |
| 20-21 | 1-21 | 2940 | ടി.കെ. അലക്സാണ്ടർ, കരാറുകാരൻ | Direct Payment |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 28 | 2001-02 | 1-7 | നെൽകൃഷിക്കാർക്ക് മൺവെട്ടി വിതരണം - പാഴ്ചെലവ് | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |
| 2014-15 | 3-1 | 2016-17 | - | പട്ടികജാതി/പട്ടിക വർഗ്ഗ പദ്ധതികളുടെ അവലോകനം (വിദ്യാഭ്യാസം) | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക (രൂപ) | | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | | |
| 3-1 | | 1,04,922/- | | ശ്രീമതി രഞ്ജിനി എൽ, സി.ഡി.പി.ഒ. |
| 3-2 | | 1,60,575/- | 40,144/- | ശ്രീ. ശംഭു എസ്, സെക്രട്ടറി |
| | | | 40,144/- | ശ്രീ. എ. ദസ്തക്കീർ, ബ്ലോക്ക് പഞ്ചായത്ത് മെമ്പർ |

| | | | |
|---|---|---|---|
| | | 40,144/- | അഡ്വ. എം. കെ. ശ്രീകുമാർ, ബ്ലോക്ക് പഞ്ചായത്ത് മെമ്പർ |
| | | 40,144/- | ശ്രീ. എൻ. സദാനന്ദൻപിള്ള, ബ്ലോക്ക് പഞ്ചായത്ത് മെമ്പർ |
| 3-3 | | 21,75,000/- | ശ്രീ. ഷാജി ഡി, പട്ടികജാതി വികസന ഓഫീസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-12 | 1,92,084/- | ഡോ. ബിൻസി ബി. എസ്, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. |
| 1-14 | 2,26,500/- | ശ്രീ. ഷിബു കുമാർ വി. എൻ, അസി. ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ |
| 1-20 | 1,94,209/- | ശ്രീമതി ജസ്ന ഫാത്തിമ, അസി. എഞ്ചിനീയർ |
| 1-24 | 2,00,000/- | ശ്രീമതി രഞ്ജിനി എൽ, സി.ഡി.പി.ഒ. |
| 1-25 | 21,62,725/- | ശ്രീ. ശംഭു എസ്, സെക്രട്ടറി |
| 1-25 | 41,68,440/- | ശ്രീമതി രഞ്ജിനി എൽ, സി.ഡി.പി.ഒ. |
| 1-26 | 7,770/- | ശ്രീ. ശംഭു എസ്, സെക്രട്ടറി |

(ബി). കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ. ബിൻസി ബി. എസ്, മെഡിക്കൽ ഓഫീസർ സി.എച്ച്.സി. | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. കലയ്ക്കോട് | ഗിരി നിവാസ്, ഏറം നോർത്ത്, ചാത്തന്നൂർ |
| ശ്രീ. ശംഭു എസ്, സെക്രട്ടറി | സെക്രട്ടറി, ഇത്തിക്കര ബ്ലോക്ക് പഞ്ചായത്ത് | കാർത്തിക, നിയർ ഇ.എസ്.ഐ, പെരുമ്പുഴ പി.ഒ., കൊല്ലം |
| ശ്രീമതി. രഞ്ജിനി. എൽ, സി.ഡി.പി.ഒ | സി.ഡി.പി.ഒ, ഇത്തിക്കര ബ്ലോക്ക് പഞ്ചായത്ത് | കൊല്ലിയഴികത്ത് വീട്, മൈലക്കാട് പി.ഒ, മൈലക്കാട് |
| ശ്രീ. ഷാജി ഡി, പട്ടികജാതി വികസന ഓഫീസർ | പട്ടികജാതി വികസന ഓഫീസർ, ഇത്തിക്കര ബ്ലോക്ക് പഞ്ചായത്ത് | കുറ്റിമേലതിൽ വീട്, ടി.കെ.എം.സി. പി.ഒ. പേരൂർ, കൊല്ലം -5 |
| ശ്രീമതി ജസ്ന ഫാത്തിമ, അസി. എഞ്ചിനീയർ | അസി. എഞ്ചിനീയർ, ഇത്തിക്കര ബ്ലോക്ക് പഞ്ചായത്ത് | ഫാത്തിമാസ്, റ്റി.സി.11/806, കൃഷ്ണനഗർ, ഉള്ളൂർ, പട്ടം പി.ഒ. |
| ശ്രീ. ഷിബു കുമാർ വി. എൻ, | ഡെപ്യൂട്ടി ഡയറക്ടർ ഓഫ് | പെട്യൂണിയ, |

| | | |
|---|---|---|
| അസി. ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ | അഗ്രിക്കൾച്ചർ സമേതി, ആനയറ തിരുവനന്തപുരം. | ഒരുമനഗർ 62A, തട്ടാമല പി. ഒ, കൊല്ലം. |
| ശ്രീമതി വിമലകുമാരി അമ്മ, ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ ഇത്തിക്കര ബ്ലോക്ക് പഞ്ചായത്ത് | മുത്തൂസ് വില്ല, മുരുക്കുംപുഴ പി.ഒ, തിരുവനന്തപുരം. 695302 |
| ശ്രീ. എൻ. സദാനന്ദൻപിള്ള, പ്രസിഡന്റ് | മെമ്പർ, ഇത്തിക്കര ബ്ലോക്ക് പഞ്ചായത്ത് | കരിക്കുളത്തുവിള, പൂതക്കുളം. പി. ഒ, 691302 |
| അഡ്വ. എം. കെ. ശ്രീകുമാർ, (നിലവിൽ പ്രസിഡന്റ്) | പ്രസിഡന്റ് ഇത്തിക്കര ബ്ലോക്ക് പഞ്ചായത്ത് | മാധവ ഭവൻ, പൂതക്കുളം. പി. ഒ, 691302 |
| ശ്രീ. എ. ദസ്തക്കീർ, ആരോഗ്യവിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, | ആരോഗ്യവിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, ഇത്തിക്കര ബ്ലോക്ക് പഞ്ചായത്ത് | ജസീമൻസിൽ, വരിഞ്ഞം, കാരംകോട് പി.ഒ, 691579 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 മുതൽ 2005-06 വരെ | കെ.എസ്.എ.കെ.എൽ.എം.പി5/1447/18 / 07.02.2018 | 7 |
| 2006-07 | കെ.എസ്.എ.കെ.എൽ.എം.പി5/11/18 / 07.02.2018 | 3 |
| 2007-08 | എൽ.എഫ്.ക്യൂ/ഡി.ബി/1525(5)/14 / 8.7.2014 | 3 |
| 2008-09 | കെ.എസ്.എ.കെ.എൽ.എം.പി5/320/19 / 27.03.2019 | 3 |
| 2009-10 | കെ.എസ്.എ.കെ.എൽ.എം.ഡി.ബി/549/16 / 31.03.2016 | 11 |
| 2010-11 | എൽ.എഫ്.ക്യൂ/ഡി.ബി/2590/14 / 09.03.2015 | 4 |
| 2011-12 | കെ.എസ്.എ.കെ.എൽ.എം.പി.5/അദാലത്ത്/2011-12/ 1615/22 / 29.8.22 | 2 |
| 2012-13 & 2013-14 | കെ.എസ്.എ.കെ.എൽ.എം.പി.5/അദാലത്ത്/2012-13, 2013-14/1615(1)/22 / 29.8.22 | 7 |
| 2014-15 | കെ.എസ്.എ.കെ.എൽ.എം.പി.5/അദാലത്ത്/2014-15/ 1615(2)/22 / 29.8.22 | 6 |
| 2015-16 | കെ.എസ്.എ.കെ.എൽ.എം.പി.5/അദാലത്ത്/2015-16/ 1615(3)/22 / 29.8.22 | 8 |
| 2016-17 | കെ.എസ്.എ.കെ.എൽ.എം.പി5/1806/19 / 19.05.2020 | 8 |
| 2017-18 | കെ.എസ്.എ.കെ.എൽ.എം.പി5/2035/18 / 09.01.2020 | 16 |
| 2018-19 | കെ.എസ്.എ.കെ.എൽ.എം.പി5/1038/2020 / 20.11.2020 | 16 |
| 2019-20 | കെ.എസ്.എ.കെ.എൽ.എം.പി5/1862/2022 / 05.1.2023 | 11 |

| | | |
|---|---|---|
| 2020-21 | കെ.എസ്.എ.കെ.എൽ.എം.പി5/484/2022 / 13.12.2022 | 14 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കൊല്ലം ജില്ലയിലെ ഇത്തിക്കര ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ ഇത്തിക്കര ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം - 3

## അനുബന്ധ പത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്